DETROIT MALAYALEE ASSOCIATION

www.dmausa.org


# DHWANI

# ധ്വനി


Vol. 08 | Issue -03 | October - December





5
## പച്ച നിറമുള്ള സന്ന്യാസി മരങ്ങൾ
ഉഷാ ശ്രീകുമാർ

12
## വോക്കൽ ഫ്രൈ
മുരളി ജെ. നായർ

12
## ഒരാൾക്ക് എത്ര ഭൂമി വേണം?
ഷൈല റെയ്മണ്ട്

27
## നമ്മൾ വീണ്ടും കാണേണ്ട ഒരു മലയാള ചിത്രം 'ഗുരു'
വൈശാഖ് സോമനാഥ്

41
## എന്ന് നിന്റെ മൊയ്തീൻ
ലീസാ മാത്യു

46
## രാഹുവും കേതുവും മലയാളി കൈവിടാൻ മടിക്കുന്ന അന്ധവിശ്വാസങ്ങൾ
രാകേഷ് നായർ


megha's
athidhi
indian cuisine
Catering
We cater for all events and parties
Live Dosa
Live Chat
We offer
Live BBQ
Coming soon... Banquet Hall
2079 E.15 Mile Rd, Sterling Heights, MI.
Phone:586.446.9430 | Fax: 586.446.9431
www.miathidhi.com



**Chief Editor**
James Kureekkattil
kureekkattil@gmail.com
Ph: 248 837 0402

**Editorial Board Members**
Akash Abraham
Surendran Nair
Thomas Karthanal
Dr. Shalini Jayaprakash
Devika Rajesh

**DETROIT MALAYALEE ASSOCIATION OFFICE BEARERS 2015**

Rojan Thomas *President*
Akash Abraham *General Secretary*
Shaji Thomas *Treasurer*
Sreekumar Kambath *Vice President*
Sanju Koithara *Joint Secretary*
Baijy Joseph *Joint Treasurer*

**EXECUTIVE COMMITTEE MEMBERS**

Abhilash Paul
Akash Abraham
Boby Thomas
George Vannilam
Girish Nair
Joseph Mathew
Manoj Jaiji
Noble Thomas
Paul P. Kuriakose
Rajesh Nair
Rojan Thomas
Sajan George Elengikal
Sandeep Palakkal
Shaji Thomas
Sunil Paingol
Sudarsana Kurup
Surendran Nair
Thomas Karthanal
Vinod Kondoor
Agithakumar K Karthikeyan
Baijy Joseph
Diaz Thomas
Gigi Paul
James Kureekattil
Mathew Cheruvil
Mohan Panangavil
Osborne David
Prince Abraham
Rajesh Kutty
Saijan Joseph
Sam Mathew
Sanju Koithara
Shalini Jayaprakash
Sreekumar Kambath
Sunil K Sivaraman
Surya Girish
Toms Mathew
Binu Mathew

**WOMEN'S FORUM**

*President:* Mini Saijan
*Secretary:* Salina Thomas
*Youth Wing Co-ordinator:* Sabari Surendran

# content

President's Message - *Rojan Thomas* . .................................... 2
എഡിറ്റോറിയൽ - *ജയിംസ് കുരീക്കാട്ടിൽ* ........................................ 3
Reflections on Christmas - *Varkey Chiyezhath.* .................... 4
പച്ച നിറമുള്ള സന്യാസി മരങ്ങൾ - *ഉഷാ ശ്രീകുമാർ* ................ 5
മരം നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - *ജിത്തു റ്റി.* ........... 7
വേശ്യയുടെ ഒസ്യത്ത് *രാജേശ്വരി ടി. കെ* ........................................ 8
വോക്കൽ ഫ്രൈ -*മുരളി ജെ. നായർ* ............................................... 9
ചെന്നൈ ദുരന്തം കേരളത്തോട് പറയുന്നത്
- *ശ്രീജിത് കടിയക്കോൽ.* ........................................................ 11
ഒരാൾക്ക് എത്ര ഭൂമി വേണം? *ഷൈല റെയ്മണ്ട്* ....................... 12
Come back Peace - *Shalini Jayaprakash.* ............................... 13
DMA Onam Report 2015 - *Shalini Jayaprakash.* .................... 14
മതഭ്രാന്തന്മാരുടെ സ്വന്തം നാട്!! - *സുനിൽ കുമാർ* ............... 18
ഓർമ്മയുടെ ചുടുകണ്ണീർ - *മാത്യു ജോയ്സ്* ............................... 19
The Uninvited Guest.- *Devika Rajesh.* ...................................... 21
റീനി മമ്പലത്തിന്റെ നോവൽ "അവിചാരിതം"
വലിയ ലോകത്തെ ചെറിയ മനുഷ്യൻ .......................... 23
*നിരൂപണം ഡോ. മിനി പ്രസാദ്*
നമ്മൾ വീണ്ടും കാണേണ്ട ഒരു മലയാള ചിത്രം 'ഗുരു'
*വൈശാഖ് സോമനാഥ്* .......................................................... 27
തനിയെ... - *സന്ദീപ് പാലയ്ക്കൽ* ................................................ 29
Leaves.- *Shruthi Sunilkumar.* ................................................... 30
Glimpse of DMA's Charitable Contributions 2015 ....... 31
*Saijan Joseph*
വില - *ബെൽസി തോമസ്* .............................................................. 33
Did you know?... about the Blue Goo Beaches? .......... 35
*Aditya Kutty*
സെക്രട്ടറിയുടെ റിപ്പോർട്ട് - *ആകാശ് ഏബ്രഹാം* .................... 37
M'm! M'm! Good. ........................................................................ 38
*Preethy Boby, Saleena Noble, Simmy Mammen, Teresa George*
എന്ന് നിന്റെ മൊയ്തീൻ - *ലീസാ മാത്യു* ...................................... 41
Shingles - Few important facts!. .............................................. 43
*Dr. Mini Sunil Kumar*
രാഹുവും കേതുവുംമലയാളി കൈവിടാൻ മടിക്കുന്ന
അന്ധവിശ്വാസങ്ങൾ - *രാകേഷ് നായർ* .......................... 46
Finish Line - *Erin Saijan.* ............................................................ 47
ഡി.എം.എ ഓണക്കിറ്റ് വിതരണം .................................................. 49
*ജെയിംസ് കുരീക്കാട്ടിൽ*
Colors of Fall- DMA photography contest 2015. ............... 51
കുട്ടികളെ പഠിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് ............................ 53
*വൈശാഖൻ*
വിശ്വാസവും യുക്തിബോധവും - *ബോബി തോമസ്* ................. 56



# Christmas Message

"The spirit of Christmas is ageless, irresistible and knows no barriers. It reaches out to add a glow to the humblest of homes and stateliest of mansions. It catches up saint and sinner alike in its warm embrace." – President Ford.

As president of the Detroit Malayalee Association, I would like to take this opportunity to personally thank each and every one of you for your continuous support of DMA throughout the year. When I glance back at the DMA activities this year, I am honored and happy to say that 2015 has been yet another successful year for DMA.

The year started with a first of its kind scintillating and financially successful musical show by Rimy Tommy and Stephan Devassy. We welcomed the spring with by gathering at our favorite picnic spot with an array of delicious grilled items and various games. And who can forget the highlight of the event – the flash mob that took everyone by surprise! Onam was celebrated in true DMA style with an Onam Sadhya and the memorable epic drama "Suthalam." I am proud to say this year also, DMA was in the forefront providing financial support to our brethren in Kerala and in the metro-Detroit area.

As President Nixon once said, "as we give to one another, in the spirit of Christmas, let us give of ourselves. For one of the lessons of Christmas is this: among God's greatest gifts to man is the gift of giving itself, and the more we give of ourselves the more of ourselves we have to give."

As we are getting ready to sing "Jingle Bells" and ring in the new year, on behalf of DMA, I wish everyone a Merry Christmas and a prosperous new year. May this season of love bring you cheer and happiness. May the light of the Christmas candles continue to illuminate your life and guide you towards the path of success.



**Rojan Thomas**
President

## എഡിറ്റോറിയൽ

# വ്യാജമാവരുത്, നമ്മുടെ ആഘോഷങ്ങൾ

അമേരിക്കയുടെ സ്വന്തമെന്ന് പറയാവുന്ന ഒരു ആഘോഷമാണ് "താങ്ക്സ് ഗിവിങ്ങ്. അനുദിനജീവിതത്തിലെ ഓരോ കൊച്ചു കൊച്ചു നന്മകൾക്കും എന്നും, എപ്പോഴും, എല്ലാത്തിനും "താങ്ക്സ്" പറയുന്നവരായത് കൊണ്ടാവാം നന്ദി പറയുന്നത് ഈ നാടിന് ഒരാഘോഷമായി മാറിയത്. "താങ്ക്സ് ഗിവിങ്ങ്" കഴിഞ്ഞു. ഇന്നലെ വരെ നമുക്ക് ചുറ്റിലും പൂത്ത് നിന്ന കടുംവർണ്ണങ്ങളും കൊഴിഞ്ഞു വീണു. ഇനി എല്ലാം തണുത്തുറഞ്ഞ്, വെള്ള പുതച്ച്, വ്രതാനുഷ്ഠാനത്തിലാണ് ക്രിസ്സ്മസ്സിനെ വരവേൽക്കാൻ.

എന്താണ് നമ്മുടെ ക്രിസ്സ്മസ്സ് ആഘോഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്? "വെറുപ്പും വിദ്വേഷവുമുള്ള മനസ്സുകളുടെ ക്രിസ്സ്മസ്സ് ആഘോഷങ്ങൾ വ്യാജമാണ്. അത് ക്രിസ്തുവിനെ കരയിക്കുകയേയുള്ളൂ". പോപ്പ് ഫ്രാൻസിസിന്റേതാണീ വാക്കുകൾ. ഓരോ ദിവസവും നമ്മൾ കേൾക്കുന്ന വാർത്തകൾ യുദ്ധങ്ങളുടെയും, കലാപങ്ങളുടെയും കൊലയുടെയുമാണ്. സിറിയയിലെ കലാപം, അഭയാർത്ഥികളുടെ പാലായനം, ഫ്രാൻസിലെ തീവ്രവാദി ആക്രമണം, അങ്ങനെ അങ്ങനെ ഒരു മൃഗത്തിനു വേണ്ടി വരെ മനുഷ്യൻ കൊല ചെയ്യപ്പെടുന്ന വാർത്തകൾ കേൾക്കുമ്പോൾ, ഇതൊക്കെയെല്ലാ കാലത്തുമുണ്ടായിരുന്നില്ലെയെന്ന മറുചോദ്യവുമായി നിസ്സാരവൽക്കരിക്കുന്നവർ ചെവിയോർക്കേണ്ടത് സിറിയയിലെ ഈ കുഞ്ഞിന്റെ വാക്കുകൾക്കാണ്. സിറിയൻ കലാപത്തിൽ ഇരുകൈകളും നഷ്ടപ്പെട്ട ഒരു കുഞ്ഞ് ഡോക്ടറോട് പറഞ്ഞത് ഞാനിതെല്ലാം ദൈവത്തിനോട് പറഞ്ഞു കൊടുക്കും എന്നാണ്.

മഹത്തായൊരു ജീവിതദർശനത്തിന്റെ ആഘോഷമാണ് ക്രിസ്സ്മസ്സ്. അത് വെറുമൊരു "ബർത്ത്ഡേ" പാർട്ടിയായി ചുരുങ്ങരുത്. ആ ദർശനങ്ങളെ തിരുവെഴുത്തുകളായ് വിശുദ്ധഗ്രന്ഥത്തിൽ നിന്നുച്ചത്തിൽ വായിക്കുമ്പോഴല്ല, ജീവിക്കുമ്പോഴാണ് ക്രിസ്സ്മസ്സ് ആഘോഷിക്കപ്പെടുന്നത്. കുറേയേറെ ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും സ്വർഗ്ഗം ലക്ഷ്യമാക്കുന്നവർ ഓർക്കേണ്ടത്, "ബലിയല്ല കരുണയാണ് വേണ്ടതെന്ന" ക്രിസ്തുവിന്റെ പാഠങ്ങളാണ്. സഹജീവികളിൽ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ വ്യഗ്രതപ്പെടുമ്പോൾ നാം കാണേണ്ടത് ക്രിസ്തു ചൂണ്ടിക്കാണിച്ച നമ്മുടെ കണ്ണിലെ തടികഷ്ണവും അന്യന്റെ കണ്ണിലെ കരടുമാണ്. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കാൻ പഠിപ്പിച്ച, ഒരു കവിളത്തടിക്കുന്നവന് മറുകവിളു കൂടി കാട്ടിക്കൊടുക്കുവാൻ പറഞ്ഞ, ശത്രുവിനെ വരെ സ്നേഹിക്കാൻ ഉപദേശിച്ച ക്രിസ്തുദർശനങ്ങൾ എത്രമാത്രം നമ്മുടെ ജീവിതത്തിലുണ്ടെന്നതാവണം ക്രിസ്സ്മസ്സ് ആഘോഷിക്കാൻ നമ്മളെ യോഗ്യരാക്കേണ്ടത്.

സ്നേഹവും, സാഹോദര്യവും, കാരുണ്യവുമൊക്കെ നമ്മുടെ ചുറ്റിലും കമ്പോളവത്കരിക്കപ്പെടുമ്പോൾ, ആഘോഷങ്ങൾക്കായി നമ്മളൊരുക്കുന്ന ഓരോ കൊച്ചു കാര്യങ്ങളും ആത്മനവീകരണത്തിനു കൂടി ഉതകുന്നതാവണം. അപ്പോൾ മാത്രമേ എല്ലാ ആഘോഷങ്ങളും അർത്ഥപൂർണ്ണമാവുകയുള്ളൂ. വ്യാജമാവരുത് നമ്മുടെ ആഘോഷങ്ങൾ.


ജയിംസ് കുരീക്കാട്ടിൽ





# reflections on christmas

Varkey Chiyezhath
vchiyezhan@gmail.com



In whose heart does the word 'Christmas' not bring joy? Apart from the merry making and exchange of gifts, it is the message of Christmas that should be cherished and guiding us.

The incarnation of God becoming one among us is the greatest act of love. Contrary to mankind remaining indebted to its creator and reciprocating His love, God's love for His creatures is so immense that God sent His only son to live among us and allowed that son to be sacrificed for the atonement of our innumerable sins so that we should enjoy His presence in heaven for all eternity.

Regrettably, this very crux of our Christian faith does not often seem to influence our lives. Like the innkeepers of Bethlehem, who shut their doors on Joseph and Mary in their need, not realizing the persons who knocked at their very doors were the dear parents of their creator, we are also, on most occasions, inclined to turn our faces from our needy neighbor.

The King of Kings, born in a stable with least comforts and facilities, is the personification of humility and simplicity. Humility, I am told, is the base of all other virtues and I venture to state that the cause of the present stalemate of the world and our society in particular, is the dearth of this most valued virtue.

We should foster the naked truth that we are all created equal in God's own image and this very fact should prompt us to love one another.

A sincere examination of our conscience will reveal the sad truth that many of us quite often, succumb to short temper due to our pride and negative attitude. I once met a very pleasant and friendly person. During the course of our conversation he had this to say-he was earlier a slave of short temper. His remedy for the change over he said, was his decision and constant effort to appreciate the positive traits in the people he associated himself with. Don't we realize that this is a good tool to make a big difference in our and other's lives?

While Jesus' mother did not have sufficient clothes to keep her baby warm from the terrible cold, don't we observe that many mothers in the developed countries, especially in USA, are struggling to find storage place to stow the enormous stock of their clothing? Why this extravagance? (manufacturers and sellers, please excuse!)

Pope Francis, the present pontiff, was chosen as the eminent person of the year by the Time Magazine. The quality that won him this honor was his manifestation of the real concept of love that he imbibed from Christ's teachings. Christ came to this world to love one and everyone of the human race, be he a sinner or the 'so-called' good person. Pope Francis has proven to the world that our love should encompass the entire humanity, irrespective of good or bad.

Due to our human nature, we are often slaves to negative attitude and weaknesses, some inherited from parental genes or others the result of improper upbringing or bad company. It is very difficult to redeem oneself from such a condition. While we often succumb to situations and fall more often, a desire and continued effort should be put into slowly and steadily get rid of one of the least of our many shortcomings. I was thinking why not a small effort on our part to get rid of the most insignificant of our weak habits, be offered to Christ Jesus as our Christmas presentation to Him?

"Hello," you might question me, "where are you driving to?" "We have had enough of such sermons from church pulpits and other media." I agree. The fact of the matter is that most of us, more often than not, try to don the clothes of the Pharisee and point our accusing finger on others, most often, not realizing that a bigger finger is pointing to us.


It is not my intention to test your patience by preaching further. It is easy to preach but difficult to practice. Convinced that the latter is the better way to evangelization, I choose to keep mum.

The foregoing should not, I request, be construed as advice from a grown up person. However, they are loud expressions on examining my own conscience.

Have a good and meaningful Christmas.



# പച്ച നിറമുള്ള സന്യാസി മരങ്ങൾ



ഉഷാ ശ്രീകുമാർ

**മറ്റു മരങ്ങൾ വർണ്ണങ്ങൾ വാരി വിതറിയപ്പോൾ അവർ അസൂയപ്പെട്ടില്ല, ഇല പൊഴിച്ചപ്പോൾ സന്തോഷിച്ചും സങ്കടപ്പെട്ടും ഇല്ല. സ്വന്തം ഭംഗിയും ഭാവവും കൈവിടാതെയുള്ള ആ പച്ച മരങ്ങളെ കണ്ടപ്പോൾ എനിക്ക് നമുക്കു ചുറ്റുമുള്ള പല വ്യക്തിത്വങ്ങളേയും ഓർമ്മ വന്നു.**

ഭൂമിയിൽ നിന്നും ആകാശത്തേക്ക് നോക്കുമ്പോൾ പലപ്പോഴും വർണ്ണങ്ങൾ വാരി വിതറിയിരിക്കുന്നത് കണ്ടിട്ടുണ്ട്. എന്നാൽ ഒരിക്കൽ ആകാശത്തിൽ നിന്നും ഭൂമിയിലേക്ക് നോക്കിയപ്പോൾ അതിമനോഹരമായ ഒരു വർണ്ണകാഴ്ച്ച കാണാനിടയായി. കാര്യം മനസ്സിലാകത്തതുകൊണ്ട് സഹയാത്രികനോട് ചോദിച്ചു, 'എന്താ ഭൂമിക്ക് ഈ നിറം?'

'ഇവിടെ ഇപ്പോൾ ഫോൾ സീസൺ ആണ്', അയാൾ പറഞ്ഞു. സത്യത്തിൽ എന്താ എന്നു മനസ്സിലായില്ല. കൂടുതൽ ചോദിച്ച് കൂടുതൽ സംശയങ്ങൾ ഉണ്ടാക്കേണ്ട എന്നു കരുതി നിശ്ശബ്ദമായിരുന്നു.

താഴെയെത്തി ചുറ്റിനും കണ്ണോടിച്ചപ്പോൾ കണ്ട കാഴ്ച്ച!! ഹോ!!!, ഒരു കവി ഹൃദയം ഇല്ലാത്തതിൽ ദുഃഖം തോന്നിയ നിമിഷം! ഇത്ര അധികം നിറങ്ങൾ ഈ ഭൂമിയിൽ ഉണ്ടോ എന്നു തോന്നിപ്പോയി. ഈ വർണ്ണങ്ങളെ മുഴുവനും സൃഷ്ടിച്ച ആ ശക്തിയെ മനസ്സാൽ സാഷ്ടാംഗം നമസ്കരിച്ചുപോയി.

'കണ്ണുകൾക്കു കൺപോളകൾ വേണ്ട' എന്നു ഗോപികമാർ ഭഗവാനോട് പറഞ്ഞത് സത്യത്തിൽ ആ നിമിഷം ഞാനും പറഞ്ഞു. കണ്ണിമ ചിമ്മാതെ ആ പ്രകൃതിയെ നോക്കി നിൽക്കാൻ, ഹൃദയത്തിലേറ്റാൻ. പ്രകൃതിയുടെ ഹോളി ആഘോഷം ആസ്വദിച്ചിരുന്ന ഞാൻ പ്രത്യേകം ശ്രദ്ധിച്ച ഒരു നിറം ഉണ്ടായിരുന്നു- പച്ച. നിറംമാറി പ്രകൃതിയുടെ മാറ്റങ്ങളെ അംഗീകരിക്കാൻ തയ്യാറാകാത്ത ധാർഷ്ട്യഭാവമുള്ള പച്ചമരങ്ങൾ. കാലാനുസൃതമായ മാറ്റങ്ങളെ അംഗീകരിക്കാതെ എന്തേ ഇവ ഇങ്ങനെ എന്നു ചിന്തിക്കാതിരുന്നില്ല.

വളരെ പതുക്കെ നിറങ്ങൾ മങ്ങിത്തുടങ്ങുന്നതും വർണ്ണങ്ങൾ കൊണ്ട് പ്രകൃതിയെ അലങ്കരിച്ചു നിർത്തിയിരുന്ന ഇലകൾ ഒന്നൊന്നായും കൂട്ടത്തോടെയും കൊഴിഞ്ഞു വീഴുന്നതും കുറ്റിച്ചെടികൾ മുതൽ വൻവൃക്ഷങ്ങൾ വരെ നിർവികാരതയോടെ നോക്കി നിൽക്കുന്നതും ഞാൻ



**ഈ പ്രകൃതിയെ ആസ്വദിക്കാൻ എന്നും എനിക്കു കൂട്ടായി ഒരു പച്ചമരം ഉണ്ടായിരുന്നു. സ്ഥിരസ്വഭാവം ഉള്ളവനിലുള്ള ഒരു വിശ്വാസം കൊണ്ടാവാം ആ പച്ചമരം എനിക്കു പ്രിയപ്പെട്ടതായിരുന്നു**

കണ്ടു. അപ്പോഴും ഞാൻ ശ്രദ്ധിച്ചു, നിറം മാറാതെ നിന്നിരുന്ന പച്ചഇലകളുള്ള മരങ്ങളെ. ആ ഒറ്റയാന്മാരെ. മരങ്ങൾക്കിടയിലെ സന്യാസിമാരെ. ഒരു മാറ്റങ്ങളും അവരെ ബാധിക്കുന്നില്ല. മറ്റു മരങ്ങൾ വർണ്ണങ്ങൾ വാരി വിതറിയപ്പോൾ അവർ അസൂയപ്പെട്ടില്ല, ഇല പൊഴിച്ചപ്പോൾ സന്തോഷിച്ചും സങ്കടപ്പെട്ടും ഇല്ല. സ്വന്തം ഭംഗിയും ഭാവവും കൈവിടാതെയുള്ള ആ പച്ച മരങ്ങളെ കണ്ടപ്പോൾ എനിക്ക് നമുക്കു ചുറ്റുമുള്ള പല വ്യക്തിത്വങ്ങളേയും ഓർമ്മ വന്നു.

തറയിൽ വാടി തളർന്നു കിടക്കുന്ന നിറം മങ്ങിയ ഇലകളേയും, നഗ്നരാക്കപ്പെട്ട മരങ്ങളേയും ചെടികളേയും, സന്യാസിമാരായ പച്ച മരങ്ങളേയും ഒക്കെ തൊട്ടുതലോടിക്കൊണ്ട് മഞ്ഞുകാലം വരവായി. അന്നു മരുഭൂമിയിൽ നിന്നു വന്ന എനിക്ക് തണുപ്പിന്റെ തലോടൽ ഒരു വല്ലാത്ത സുഖം ആയിരുന്നു. ക്രമേണ ആ തലോടൽ ഗാഢമായ ആലിംഗനത്തിലേക്കും പിന്നെ ധൃതരാഷ്ട്രാലിംഗനത്തിലേക്കും മാറുന്നതും ഞാനറിഞ്ഞു.

മുണ്ഡനം ചെയ്തവനെ ഭസ്മം പൂശുന്നതു പോലൊരു കാഴ്ച ഞാൻ കണ്ടു  ആകാശത്തിൽ നിന്നും വെള്ളപ്പൊടി ഭൂമിയിലേക്കു വന്നു കൊണ്ടേയിരുന്നു? ക്രമേണ പല വർണ്ണങ്ങൾക്കു പകരം തൂവെള്ള നിറം കൊണ്ടു നിറഞ്ഞു പ്രകൃതി.  പൂക്കളായും ഇലകളായും മാറി മഞ്ഞുമരങ്ങളുടേയും ചെടികളുടേയും നഗ്നത മറച്ചു.  അപ്പോഴും നമ്മുടെ സന്യാസി മരങ്ങൾ ബലമായി അവിടവിടെ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുപൂക്കളേയും പേറിക്കൊണ്ട് നിർവികാരതയോടെ തന്നെ നിന്നു.  സൂര്യരശ്മികൾ പോലും തണുത്തു വിറച്ചു.

ശൈത്യഭഗവാന്റെ ആലിംഗനത്തിന്റെ ശക്തി കുറയുന്നതും വെളുത്ത മഞ്ഞുപൂക്കളുടെ വലിപ്പം കുറഞ്ഞു കുറഞ്ഞ് അവ ഇല്ലാതെ ആകുന്നതും കണ്ടു.  തണുപ്പിന്റെ തലോടലിനൊപ്പം സൂര്യകിരണങ്ങളുടെ ചൂടും ചെറുതായി വന്നു തുടങ്ങിയ ഒരു നാളിൽ ഞാൻ കണ്ടു വർണ്ണം വിതറിയ ഇലകളും, വെള്ളപ്പൂക്കളും ഒക്കെ നിന്നിരുന്ന കൊമ്പുകളിലും ചില്ലകളിലും നിറയെ പച്ചമുകുളങ്ങൾ.  പാൽപ്പല്ലുകൾ കാട്ടി നമ്മെ നോക്കി ചിരിക്കുന്ന കുഞ്ഞിന്റെ നിഷ്കളങ്കതയോടെ നിറഞ്ഞിരിക്കുന്നു.

'ഹോ എന്തൊരു ഭംഗിയാ... ആ കാഴ്ച്ച', വീണ്ടും കവിഹൃദയത്തെ ഓർത്തു പോയി.

ദിവസങ്ങൾക്കുള്ളിൽ പ്രകൃതി സുന്ദരിപ്പെണ്ണായി.  ഇലകളും പൂക്കളും കായ്കളും, കിളികളും കാറ്റും. ചുറ്റിലും നടക്കുന്ന മാറ്റങ്ങൾ ഒന്നും ഞങ്ങളെ ബാധിക്കുന്നേയില്ല എന്ന ഭാവത്തോടെ നിൽക്കുന്ന പച്ച മരങ്ങളോട് എനിക്കു ചെറിയ പരിഭവം തോന്നി. അതിലേറെ ബഹുമാനവും തോന്നി.

ഈ പ്രകൃതിയെ ആസ്വദിക്കാൻ എന്നും എനിക്കു കൂട്ടായി ഒരു പച്ചമരം ഉണ്ടായിരുന്നു. സ്ഥിരസ്വഭാവം ഉള്ളവനിലുള്ള ഒരു വിശ്വാസം കൊണ്ടാവാം ആ പച്ചമരം എനിക്കു പ്രിയപ്പെട്ടതായിരുന്നു. എന്റെ മണലാരണ്യത്തിന്റെ സൗന്ദര്യത്തിലേക്കു മടങ്ങുന്നതിനു മുൻപ് ഒന്നുകൂടെ ഞാൻ ആ ഫേൺ മരത്തിനടുത്തുപോയി കുറേ സമയം ഇരുന്നു. യാത്ര പറഞ്ഞു തിരിച്ചു നടന്ന എന്നെ ആരോ പിടിച്ചതു പോലെ തോന്നി. ആ പച്ചമരത്തിന്റെ ഒരു ചില്ല എന്റെ ഉടുപ്പിൽ പിടിച്ചിരിക്കുന്നു.  തിരിഞ്ഞുനിന്ന എന്നോട്, മനസ്സു വായിക്കാൻ അറിയാവുന്ന എന്റെ സന്യാസിമരം വളരെ പതുക്കെ എന്തോ പറയുന്ന പോലെ തോന്നി. കാതോർത്തപ്പൊൾ പറയുന്നതു വ്യക്തമായി കേൾക്കാൻ തുടങ്ങി, 'സംശയങ്ങൾ ഒക്കെ തീർത്തിട്ടു പോയാലെ ദൂരങ്ങൾ താണ്ടി നീ ഇനിയും എന്നേ കാണാൻ വരൂ....'

ഞാൻ ചോദിച്ചു, 'നിങ്ങൾ പച്ചമരങ്ങൾ എന്താണ് മാറ്റങ്ങളെ അംഗീകരിക്കാതെ, ഇത്ര ഗർവ് കാട്ടി നിൽക്കുന്നത്?'

വെയിൽ തട്ടി നിന്നിരുന്ന എന്നോട് ആ മരം പറഞ്ഞു, 'എന്റെ തണലിലേക്കു നീങ്ങി നിൽക്കൂ'.

തണലിൽ നിന്നപ്പോൾ വല്ലാത്ത കുളിർമ്മ തോന്നി. മരം വീണ്ടും പറയാൻ തുടങ്ങി, 'ഞങ്ങൾ പച്ച മരങ്ങളും ഋതുക്കൾ എല്ലാം ഉൾക്കൊള്ളുന്നവർ തന്നെയാണ്, നീ കണ്ടതൊക്കെ നൈമിഷികമായ വർണ്ണങ്ങൾ മാത്രം ആണ്. അതിൽ അഹങ്കരിക്കുന്ന ജീവജാലങ്ങൾക്കു വേണ്ടി നിലനിൽക്കുന്നവരാണ് ഞങ്ങൾ. പ്രകൃതി ദുരന്തങ്ങൾ ഞങ്ങളുടെ സഹോദരങ്ങളുടെ സമാധാനത്തെ കളയല്ലേ എന്നു എപ്പോഴും പ്രാർഥിച്ചു കൊണ്ടിരിക്കയാണ് ഞങ്ങൾ. എല്ലാ മാറ്റങ്ങളിലൂടെയും ഓടിതളർന്ന് വീണ്ടും പച്ചനിറം ഉൾക്കൊണ്ട് ഞങ്ങളോടൊപ്പം എല്ലാം വന്നു നിൽക്കുന്നതു കണ്ടില്ലേ? നീയും ഇപ്പോൾ ഈ പച്ചപ്പിന്റെ തണലിൽ അല്ലേ നിൽക്കുന്നത്?'

ശരിയാണ്, ചുറ്റിനും നോക്കിയ ഞാൻ മനസ്സിലാക്കി സന്യാസിമരം പറഞ്ഞ സത്യം. ചെറുചിരിയോടെ നിറഞ്ഞ മനസ്സോടെ പ്രാർത്ഥനയിൽ മാത്രം മുഴുകി നിൽക്കുന്ന പച്ചമരങ്ങളെ നോക്കിയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. അവയെ മനസ്സിലാക്കാൻ വൈകിയതിന്റേയും അവയോട് യാത്ര പറയുന്നതിന്റേയും ഒക്കെ വിഷമം.

വീണ്ടും ആകാശത്തിൽ നിന്നും ഭൂമിയിലേക്കു നോക്കിയ ഞാൻ പച്ചപ്പിന്റെ സൗന്ദര്യം കണ്ട് കവിഹൃദയം ഇല്ലാത്തതിൽ ഒരിക്കൽ കൂടെ ദു:ഖിച്ചു. എന്റെ സന്യാസിമരങ്ങളെ ഇനിയെന്നു കാണും?

ആകാശത്തിൽ നിന്നും മണലാരണ്യത്തിലേക്കു താഴ്ന്നു വന്നപ്പോൾ അവിടവിടെയായി ചില പച്ച പ്പൊട്ടുകൾ കണ്ടു. താഴെയെത്തി ചുറ്റിലും നോക്കിയ ഞാൻ കണ്ടത് ഒന്നുമാത്രം. ഈ മരുഭൂമിയെ സ്വർഗ്ഗതുല്യമാക്കി മാറ്റാൻ തലയെടുപ്പോടേ നിസ്വാർത്ഥ പ്രാർഥനയോടെ നിൽക്കുന്ന ഈന്തപ്പനകളേ...ഈ മരുഭൂമിയിലെ എന്റെ പ്രിയപ്പെട്ട സന്യാസിമരങ്ങളെ..

ദുബായിൽ നിന്ന് നാട്ടിലെത്തിയശേഷം ഇടയ്ക്കിടെ പ്രിയമുഖങ്ങൾക്കൊപ്പം മനസ്സിലേയ്ക്കോടിയെത്തുന്നു അവിടുത്തെ എന്റെ സന്യാസിമരങ്ങൾ.... ഇന്നു കേരളത്തിന്റെ പ്രകൃതി പല രീതിയിൽ പ്രഹരിക്കപ്പെടുമ്പോൾ, എവിടെയൊക്കെയോ ആരൊക്കെയോ അതിനെ സംരക്ഷിക്കാനായും ശ്രമിക്കുന്നു. 'നാളീകേരത്തിന്റെ നാട്ടിലെനിക്കൊരു നാഴി ഇടങ്ങഴി മണ്ണുണ്ട് 'എന്നുള്ള ആ ഓർമ്മ ലോകത്തിന്റെ ഏതു കോണിലിരുന്നും മലയാളീ ഒരു കുളിർമ്മയോടെ എന്നും എന്നും ആസ്വദിക്കുന്നു. പറന്നു പറന്നു തളരുന്ന നമുക്കായ് ഒരു ഇളനീരുമായ് എന്നും കാത്തിരിക്കുന്നുണ്ട് നമ്മുടെ പ്രിയസന്യാസിമരങ്ങൾ............

കവിത

ജിത്തു റ്റി.

# മരം നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മരങ്ങൾ മനുഷ്യ
സംസ്കൃതിയുടെ
അടിവേരുകളാണെന്ന്
മുനി ഭാരതം മുതൽ പ്രഖ്യാപനമുണ്ട്.
വീടിനരികിൽ മരം നടുന്നത്
വളരെ ശ്രദ്ധിച്ചു വേണം...

**കിഴക്ക്**
ദേവതാരു, ശീമപ്ലാവ്, പഞ്ഞിക്കുറ്റി,
വെള്ളകിൽ, കാട്ടുവേപ്പ്
എന്നിവയാണ് നാട്ടുനടപ്പിനനുസരിച്ച്
കിഴക്കു നടേണ്ടത്...
വർഗ്ഗീയത തഴച്ചുവളരുമ്പോൾ
ദൈവച്ചിത്രങ്ങൾ തൂക്കാൻ
ധാരാളം ചില്ലകളുള്ള മരമാണ് വേണ്ടത്.
അയൽപക്കത്തെ അന്യ മതസ്ഥനോട്
പൊറുത്തു കൂടാതെയാകുമ്പോൾ
പാഞ്ഞു കേറി മദമടക്കാൻ
കാട്ടുമുരിക്ക് നടുന്നതും ഉത്തമമാണ്...

**വടക്ക്**
കണ്ണീർ സീരിയലുകളും
അടുക്കളക്കുശുമ്പും കെട്ടിയോന്റെ
കഥകളിയും അമ്മായിയമ്മപ്പോരും
മൂത്തു വരുന്നേരം വീട്ടു പെണ്ണുങ്ങൾ
രഹസ്യമായി വടക്കുഭാഗത്തു പോയി കരയും...
കണ്ണീരുപ്പു വീണ് അസ്ഥിവാരം ദ്രവിക്കാതിരിക്കാൻ
ഉപ്പു വലിച്ചെടുക്കുന്ന, തെങ്ങു പോലുള്ള
മരങ്ങൾ വടക്കുഭാഗം അലങ്കരിക്കട്ടെ !!!

**പടിഞ്ഞാറ്**
പടിഞ്ഞാറു ഭാഗത്ത് അപൂർവ്വ വൃക്ഷങ്ങൾ നടണം...
കരിനൊച്ചി, ചന്ദനം, പലകപ്പയ്യാനി, ആര്യവേപ്പ്, പൊന്നശോകം...
അധിനിവേശ രാജ്യങ്ങൾക്ക്
വളരെപ്പെട്ടെന്ന് പേറ്റന്റ് എടുക്കാൻ
ഇവയെല്ലാം പടിഞ്ഞാറ് കേന്ദ്രീകരിക്കുക..
വെച്ചൂർ പശു, മലയണ്ണാൻ,
ബംഗാൾ കടുവ, മയിൽ തുടങ്ങിയ ജന്തുജാലത്തെയും
വടക്കുഭാഗത്ത് വളർത്താവുന്നതാണ്...

**തെക്ക്**
ഭൂമിയിലെ ജനങ്ങളിലെ
പണമില്ലാത്തവർ എന്ന വർഗ്ഗം
പിച്ച തെണ്ടിത്തെണ്ടി കൃത്യം
കയറിന്റെ പണമാകുമ്പോൾ
തെക്കു വശത്താണു ചെല്ലുക..
സ്വസ്ഥമായൊന്നു തൂങ്ങിച്ചാവുക
എന്നത് ഏതൊരു ദരിദ്രന്റെയും
ചിരകാല സ്വപ്നമാണ്...
അതിനാൽ...
പ്ലാവ്, മാവ്, വാളൻപുളി തുടങ്ങിയ
കൊമ്പുറപ്പുള്ള മരങ്ങൾ തെക്കുഭാഗത്ത്
നടുന്നത് അശരണർക്ക് ആശ്വാസമായി
എന്നെന്നും നിലകൊള്ളുന്നതാണ്...





# വേശ്യയുടെ ഒസ്യത്ത്

രാജേശ്വരി ടി. കെ

**ഞാ**ൻ വേശ്യ
ഇതെന്റെ ഒസ്യത്ത്.
എന്റെ കണ്ണുകൾ,
രാവിലെ എന്നെ പ്രാപിച്ചു പണം തരാതെപോയ
സദാചാരക്കാരന്.
എന്റെ ചെവികൾ,
എന്റെ നിലവിളികൾ കേൾക്കാതെ പോയ
ദൈവത്തിന്
എന്റെ കരൾ,
എനിക്ക് പറ്റുകാരെയെത്തിച്ചുതന്നന്നം നേടിയ
പിമ്പിന്.
എന്റെ വൃക്കകൾ,
നീയൊരു വെറും ശരീരമെന്നോർമ്മിപ്പിച്ച
പ്രണയിതാവിന്.
എന്റെ ഹൃദയം,
മദ്യലഹരിയിൽ രാവെളുക്കുവോളമെന്നെ പുണർന്നുറങ്ങി
പുലരിയിൽ പോക്കറ്റിലുള്ളതെന്റെ
ബ്ലൗസിനുള്ളിൽ തിരുകി വച്ചൊന്നു
തിരിഞ്ഞുനോക്കാതെ പോയവന്.
ബാക്കി കഴുകനും നരിക്കുമൊരു നേരമന്നമാകട്ടെ!
ഇതെന്റെ ഒസ്യത്ത്;
എഴുതിവച്ചിരിക്കുന്നതെന്റെ മാറിടങ്ങളിൽ
ഒരിക്കലും ചുരത്താതെ പോയ മുലപ്പാലിനാൽ.

കഥ



മുരളി ജെ. നായർ,
ഫിലഡൽഫിയ



# വോക്കൽ ഫ്രൈ

എല്ലാത്തിനും ഒരു പരിഹാരമില്ലേ സുഭാഷ്? ഇത്ര സങ്കടപ്പെട്ടാലോ?

അത്രയ്ക്ക് ഉറപ്പില്ലാതെയാണ് ഞാൻ ആ ചോദ്യം ചോദിച്ചത്.

അവൻ മുഖമുയർത്തി എന്നെ ഒന്നു നോക്കിയശേഷം ഭിത്തിയിലെ ഹ്യൂമൻ അനാട്ടമി ചിത്രീകരിക്കുന്ന പോസ്റ്ററിലേക്ക് തല തിരിച്ചു.

ഇപ്പോൾ എന്റെ മുന്നിലിരിക്കുന്ന സുഭാഷ് നാട്ടിൽ വെച്ചേ എന്റെ സുഹൃത്താണ്. ഞാൻ അമേരിക്കൻ പൗരത്വമുള്ള ഒരു ഡോക്ടർ പെണ്ണിനേക്കെട്ടി അമേരിക്കയിലെത്തി ഡോക്ടർ ആയ ആൾ. സുഭാഷ് സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ഈ അടുത്ത കാലത്താണെത്തിയത്.

> വളരെ ഹ്രസ്വമായേ അന്ന് സംസാരിച്ചുള്ളൂവെങ്കിലും അവളുടെ സംസാരത്തിന്റെ ശൈലി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ വാചകത്തിന്റേയും അവസാനഭാഗം ഒരു ഞരക്കത്തിൽ അവസാനിപ്പിക്കുന്ന അമേരിക്കൻ രീതി. എന്നെപ്പോലെയുള്ള അമേരിക്കൻ ഡോക്ടർമാരിൽ ചിലരെങ്കിലും 'വോക്കൽ ഫ്രൈ' എന്ന പേരിലാണ് ആ ശൈലിയെ വിളിക്കുന്നത്.

അവന്റെ വെള്ളക്കാരി ഗേൾഫ്രണ്ട് അവനെ ഉപേക്ഷിച്ചു പോയത്രേ. അവന് ആ വേദന സഹിക്കാൻ പറ്റുന്നില്ലത്രേ. അതെപ്പറ്റി സംസാരിക്കാനാണ് എൻറടുത്ത് വന്നിരിക്കുന്നത്. സത്യം പറഞ്ഞാൽ ഈ സുഭാഷും അവന്റെ ഗേൾഫ്രണ്ടും തമ്മിൽ വലിയ പൊരുത്തമൊന്നും എനിക്കു തോന്നിയിരുന്നില്ല. ഇവൻ ഒരു കൃശഗാത്രൻ. എന്നാൽ അവൾ, പച്ച മലയാളത്തിൽ പറഞ്ഞാൽ, ഒരു തടിച്ചി. അമേരിക്കയിലെ പൊളിറ്റിക്കലി കറക്റ്റ് ആയ ഭാഷയിൽ പറഞ്ഞാൽ, പ്ലസ് സൈസ്. എന്നുവെച്ചാൽ, സൈസ് പതിനഞ്ചോ അതിൽ കൂടുതലോ അളവിലുള്ള വസ്ത്രങ്ങൾ വേണ്ടിവരാവുന്ന ഒരു ശരീരം. അവർ വിവാഹിതരാകാത്തതാണ് നല്ലത് എന്നെനിക്ക് തോന്നി. പക്ഷേ അവനോടു ഈ പൊരുത്തക്കേടിനെപ്പറ്റി പറയാനൊരു മടി! പിന്നെ സാധാരണ നിരാശാകാമുകന്മാരെ ആശ്വസിപ്പിക്കാൻ പറയേണ്ടുന്ന തത്ത്വജ്ഞാനമൊക്കെ പറഞ്ഞുനോക്കി. രക്ഷയില്ല. ആളാകെ തകർന്നിരിക്കുകയാണ്. കുടുംബപ്രാരാബ്ധങ്ങൾ കാരണം നല്ലകാലത്ത് കല്യാണം നടക്കാതെ പോയ ഒരു ഹതഭാഗ്യനാണ് താനെന്ന് മുമ്പൊക്കെ അവൻ എന്നോടു പറഞ്ഞിട്ടുണ്ട്. ഈ വെള്ളക്കാരിയുടെ കാര്യത്തിൽ സീരിയസ് ആയിരുന്നുവത്രേ. വിവാഹം നടക്കുമെന്നും പ്രതീക്ഷിച്ചിരുന്നതാണ്. പക്ഷേ...

അവൾ പോയാൽ വേറൊരുത്തി. ടേക്ക് ഇറ്റ് ഈസി.

അവനെ ആശ്വസിപ്പിക്കാനെന്നോണം ഞാൻ പറഞ്ഞു.

എന്റെ വാക്കുകൾ കേട്ട് അവനെന്നെ രൂക്ഷമായി നോക്കി.

മറ്റാർക്കുമില്ലാത്ത എന്ത് പ്രത്യേകതയാണവൾക്ക്?

ചോദിച്ചു കഴിഞ്ഞാണോർത്തത്, ചോദിക്കേണ്ടിയിരുന്നില്ല.

അവളുടെ ശബ്ദം! പണ്ടു ഞാൻ പറഞ്ഞത് മറന്നുപോയോ? ആ ശബ്ദം ആദ്യമായി കേട്ട അതേ നിമിഷം ഞാൻ അവളുമായി പ്രണയത്തിലായിപ്പോയി! ആ ശബ്ദം ഇനി കേൾക്കാൻ പറ്റില്ലെന്ന് വരുമ്പോൾ...

ബാലിശമെന്നു തോന്നാവുന്നതാണെങ്കിലും അവന്റെ പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ എന്നെ അമ്പരപ്പിക്കുകതന്നെ ചെയ്തു.

എനിക്കോർമ്മവന്നു! ഒരു റസ്റ്റാറന്റിൽ വെച്ചു അവിചാരിതമായി രണ്ടുപേരെയും കൂടി കണ്ട സന്ദർഭം!

മീറ്റ് അമാൻഡ, മൈ ഗേൾഫ്രണ്ട്, അവൻ ആ സ്വർണത്തലമുടിക്കാരി (തടിച്ചി)യെ പരിചയപ്പെടുത്തി.

ഹലോ, നൈസ് ടു മീറ്റ് യു, താൻ പ്രത്യഭിവാദനം ചെയ്തു.

വളരെ ഹ്രസ്വമായേ അന്ന് സംസാരിച്ചുള്ളൂവെങ്കിലും അവളുടെ സംസാരത്തിന്റെ ശൈലി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഓരോ വാചകത്തിന്റേയും അവസാനഭാഗം ഒരു ഞരക്കത്തിൽ

അവസാനിപ്പിക്കുന്ന അമേരിക്കൻ രീതി. എന്നെപ്പോലെയുള്ള അമേരിക്കൻ ഡോക്ടർമാരിൽ ചിലരെങ്കിലും 'വോക്കൽ ഫ്രൈ' എന്ന പേരിലാണ് ആ ശൈലിയെ വിളിക്കുന്നത്. അമാൻഡയ്ക്ക് അതൽപ്പം കൂടുതലാണെന്നും തോന്നിയിരുന്നു.

അപ്പോൾ അവളുടെ ശബ്ദത്തെയാണ് നീ സ്നേഹിച്ചിരുന്നത്, അല്ലേ? ഞാനൊന്നു ചിരിച്ചു.

എന്താ നീയെന്നെ കളിയാക്കുകയാണോ?

സംഗതിയുടെ ഗൗരവം ഒന്ന് കുറയ്ക്കാൻ ഞാൻ ഒന്നുകൂടി ചിരിച്ചു.

ഈ ശബ്ദത്തിന് അമേരിക്കയിൽ ഞങ്ങൾ വൈദ്യന്മാർ പറയുന്ന പേരാണ് വോക്കൽ ഫ്രൈ.

അവനെന്നെ ചോദ്യഭാവത്തിൽ നോക്കി.

ഞെട്ടണ്ട. അങ്ങനെ തന്നെയാണ് പറയുന്നത്. വേണമെങ്കിൽ ഗൂഗിൾ ചെയ്തു നോക്കൂ.

അവനു വിശ്വാസം വരാത്തതുപോലെ.

കൂടുതൽ ഇൻഫർമേഷൻ യൂട്യൂബിലും തപ്പിയാൽ കിട്ടും.

നോക്ക്, ഞാനെന്റെ പേർസണൽ കാര്യങ്ങളൊക്കെ നിന്നോടു പറയാമെന്നു വെച്ചത് എന്തെങ്കിലും ആശ്വാസം കിട്ടുമെന്ന് കരുതിയാ. നീയും ഇങ്ങനെ കളിയാക്കിയാൽ....

അവൻ കരച്ചിലിന്റെ വക്കത്തെത്തി.

ഹേ, കളിയാക്കുകയല്ലെടോ! ഞാൻ പറഞ്ഞത് മുഴുവൻ വൈദ്യശാസ്ത്ര സത്യങ്ങളാണ്. ഈ ശബ്ദത്തിൽ സംസാരിക്കുക എന്ന് പറയുന്നത് ചില സ്ത്രീകൾക്ക് ഒരു ഹരമാണ്, വിശേഷിച്ചും പുത്തൻ തലമുറക്കാർക്ക്. അത് ഫാഷനബിൾ ആണെന്നാണ് അവരുടെ വിചാരം. പക്ഷെ ബേക്കന്റെ, അതായത് പന്നിയിറച്ചിയുടെ, സ്ട്രിപ്പുകൾ വറുക്കുമ്പോഴുണ്ടാകുന്ന ശബ്ദം പോലെയല്ലേ അത്? അതുകൊണ്ടാണ് ഞങ്ങൾ വൈദ്യന്മാർ അതിനെ വോക്കൽ ഫ്രൈ എന്ന് പറയുന്നത്. ശരിക്ക് പറഞ്ഞാൽ അതൊരു ദു:ശീലമാണ്. കൃത്രിമ ശബ്ദമാണ്. സർജറി വരെ വേണ്ട അവസ്ഥയിലേക്ക് ഈ ദു:ശീലം വളർന്നെന്നു വരും. ഇവിടുത്തെ എന്റെ റിസപ്ഷനിസ്റ്റിനും ഈ പ്രശ്നമുണ്ട്. വിശ്വാസമായില്ല അല്ലെ? എന്നാൽ ഇപ്പോൾ കേൾപ്പിച്ചുതരാം.

ഞാൻ റിസപ്ഷനിസ്റ്റിനെ മുറിയിലേക്ക് വിളിച്ചുവരുത്തി.

അടുത്ത അപ്പോയിൻറ്മെൻറ് എപ്പോഴാണ്?

ഇലവൻ ഓ ക്ലോക്.

അവളുടെ ശബ്ദത്തിൽ അല്പം വോക്കൽ ഫ്രൈ ഉണ്ടെന്നുള്ള കാര്യം സുഭാഷിന് പെട്ടെന്ന് പിടി കിട്ടിയ പോലെ. ഞാൻ അവനെ നോക്കി ഒന്ന് കണ്ണിറുക്കി. അവളോടു വീണ്ടും ചോദിച്ചു.

ഞാൻ പറഞ്ഞിരുന്ന ചാർട്ടുകളൊക്കെ കണ്ടെടുത്തോ?

റ്റു ഓഫ് ദെം ആർ സ്റ്റിൽ മിസ്സിംഗ്. ഐ വിൽ ലുക്ക് എഗെയ്ൻ.

ശരി, താങ്ക്സ്, ഈ ഫയലുകൂടി കൊണ്ടുപൊയ്ക്കൊള്ളൂ. മുമ്പിലിരുന്ന ഒരു ഫയലെടുത്തു കൊടുത്തു. അത് വാങ്ങി റിസപ്ഷനിസ്റ്റ് മുറിയിൽനിന്നിറങ്ങിപ്പോയി.

ഇനി പറ!

സുഭാഷ് എന്റെ നേരെ ഒന്നും പറയാതെ കുറെനേരം നോക്കിയിരുന്നു. ഞാൻ വാച്ചിൽ നോക്കി, അനുവദിച്ച സമയം കഴിഞ്ഞു എന്നൊരു സൂചന കൊടുക്കാനായി.

ശരി, എന്നാൽ ഞാനിറങ്ങട്ടെ.

അവൻ എഴുന്നേറ്റു. അവന്റെ മുഖത്ത് ഒരാശ്വാസം പ്രകടമായതുപോലെ.

സൗകര്യം പോലെ വിളിക്ക്. ലെറ്റസ് ഹാവ് എ ഡ്രിങ്ക് ടുഗതർ.

എന്നെനോക്കി ഒന്നു ചിരിച്ചിട്ടു അവൻ ഓഫീസിന് പുറത്തേക്ക് നടന്നു.







# ചെന്നൈ ദുരന്തം കേരളത്തോട് പറയുന്നത്

ശ്രീജിത് കടിയക്കോൽ.

**ചെ**ന്നൈയിൽ കഴിഞ്ഞ ദിവസം കനത്ത മഴയിൽ ഉണ്ടായിരിക്കുന്നത് ആ നഗരം അനുഭവിച്ചിട്ടുള്ളത്തിൽ ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണ്. സമാനതകളില്ലത്തതാണ് ആ ദുരന്തം. മഴയെ എല്ലാത്തിനും പഴിച്ച് പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നവർ മറച്ച് വെക്കുന്ന ഒരു കാര്യമുണ്ട് ഈ ദുരന്തം ഉണ്ടാക്കിയത് മഴയല്ല! മറിച്ച് നമ്മൾ തന്നെയാണ്. മഴ അവിടെ ആദ്യമായി ഉണ്ടായതൊന്നുമല്ല. ബംഗാൾ ഉൾക്കടലിൽ രൂപം കൊള്ളുന്ന ന്യൂനമർദ്ദം കാരണമുള്ള കാറ്റും മഴയും മൺസൂൺ പേമാരിയും എല്ലാം ചെന്നൈ നഗരം ഉണ്ടാവുന്നതിനു മുൻപേ ഉള്ളതാണ്. കൃത്യമായ ഇടവേളകളിൽ കനത്ത മഴ പെയ്ത് ദുരിതം വിതക്കാറും ഉണ്ട്. എന്നാൽ ഓരോ പതിറ്റാണ്ടിലും ഉണ്ടാവുന്ന പെരുമഴയിലും ദുരിതം കൂടിവരുന്നതിന്റെ കാരണം ഇതൊന്നുമല്ല . അശാസ്ത്രീയമായും പ്രകൃതിയെ ഒട്ടും പരിഗണിക്കാതെയുമുള്ള ആർത്തിപിടിച്ച വികസനം തന്നെയാണ്.

ചെന്നൈ നഗരം നീർത്തടങ്ങളും നദികളും തടാകങ്ങളും കൊണ്ട് ചുറ്റപ്പെട്ട താരതമ്യേന താണ പ്രദേശമാണ്. ഇവിടെയുള്ള മഴയെ കടലിലേക്ക് ഒഴുക്കിവിടാനുള്ള നീരൊഴുക്കുകളാൽ സമ്പന്നമായിരുന്നു ആ പ്രദേശം. ഇതിനെയെല്ലാം തകർത്തൊ മണ്ണിട്ട് നികത്തിയോ തടസ്സപ്പെടുത്തിയോ ആണ് കെട്ടിടങ്ങളും ഐടി പാർക്കുകളും റോഡുകളും എല്ലാം നിർമിച്ചിരിക്കുന്നത്. പല തടാകങ്ങളും ഇന്ന് ഇല്ലാതായിരിക്കുന്നു ഇതിന്റെയൊക്കെ പരിണതഫലമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രളയം. ഇനിയെങ്കിലും തെറ്റ് തിരുത്തി മുന്നോട്ട് പോവാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കാം അല്ലെങ്കിൽ ഇനി വരും വർഷങ്ങളിൽ ഇതിലും കടുത്ത ദുരന്തങ്ങളാവും നഗരത്തെ കാത്തിരിക്കുന്നത്.

ഈ ദുരന്തത്തിൽ നിന്ന് കേരളത്തിനു ഒരുപാട് പഠിക്കാനുണ്ട്. ഇത് വരെ ഈ അളവിൽ ഒരു പ്രളയദുരിതം നമ്മുടെ നഗരങ്ങളെ ബാധിച്ചിട്ടില്ല. എത്ര പെരുമഴയുണ്ടായാലും വെള്ളം ഒഴുകിപ്പോവാൻ കഴിയുന്ന തോടുകളും നദികളും നമുക്കുള്ളത് കൊണ്ട് തന്നെയാണ് അത്. എന്നാൽ അതെന്നും അങ്ങനെ തന്നെയാവണം എന്നില്ല. വൻതോതിൽ കായലുകളും ചതുപ്പ് നിലങ്ങളും വയൽ പ്രദേശങ്ങളും നികത്തിയും നദികൾ വരെ കയ്യേറിയും ബഹുനില കെട്ടിടങ്ങൾ പണിയുന്ന നമ്മുടെ നഗരങ്ങളെയും കാത്തിരിക്കുന്നത് ഇത്തരം ഒരു മഹാ ദുരന്തം തന്നെയാണ്. കൊച്ചിയിലെ കായലുകളും കോഴിക്കോട്ടെ ഏക്കറുകൾ വിസ്ത്രീരണ്ണ മുണ്ടായിരുന്ന സ്വപ്നനഗരി ചതുപ്പ് പ്രദേശങ്ങളും എല്ലാം ചുരുങ്ങിചുരുങ്ങി ഇല്ലാതായി കൊണ്ടിരിക്കുകയാണ്. ഇവിടങ്ങളിൽ എല്ലാം വൻ കെട്ടിടങ്ങൾ ഉയർന്നു വരികയും ചെയ്യുന്നു. മറ്റു പട്ടണങ്ങളുടെ അവസ്ഥയും ഭിന്നമല്ല. ചതുപ്പിനെ മണ്ണിട്ട് നികത്തി വെള്ളമൊഴുകാൻ ചെറു ദ്വാരങ്ങൾ ഇട്ടാലൊന്നും വലിയ പ്രളയങ്ങളെ തടുക്കാനാവില്ല എന്ന് തന്നെയാണ് ചെന്നൈയിൽ നിന്നുള്ള അനുഭവം കാണിക്കുന്നത്. വയൽ നികത്തിയത് വീട് വെക്കാനാണോ റോഡ് നിർമിക്കാനാണോ എന്നൊന്നും പ്രളയജലം പരിഗണിക്കുകയില്ല എന്നും അറിയുക.

വയലുകളും നീർത്തടങ്ങളും നികത്തുന്നത് എതിർക്കുന്ന പരിസ്ഥിതി പ്രവർത്തകരെ വികസനവിരോധികൾ എന്ന് വിളിച്ച് അധിക്ഷേപികുകയും നാടിന്റെ വികസനം എന്നാൽ വിദ്യാഭ്യസമുള്ള സമൂഹമോ സാമൂഹ്യപരമായ ഉന്നമനമോ സ്ത്രീ ശാക്തീകരണമോ എല്ലാവർക്കും തുല്ല്യമായുള്ള സാമ്പത്തിക സമൃദ്ധിയോ പോലും അല്ല മറിച്ച് ഇടവഴിയിൽ പോലും മുളച്ച് പൊന്തുന്ന സ്വകാര്യ ഫ്ലാറ്റുകൾ ആണ് എന്ന് കരുതുകയും ചെയ്യുന്ന എല്ലാവരും ഈ ദുരന്തത്തിൽ നിന്ന് പാഠങ്ങൾ പഠിക്കാൻ ഇനിയും വൈകരുത്.





ഷൈല റെയ്മണ്ട്

ചിന്ത

# ഒരാൾക്ക് എത്ര ഭൂമി വേണം?

**ഒരു സന്നിഗ്ദ്ധ ഘട്ടത്തിലെത്തി നിൽക്കുമ്പോൾ മനഃസാക്ഷി നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എല്ലാം മറന്ന് ഓടിയതുകൊണ്ട് എന്തു നേടി?**

വിശ്വവിഖ്യാതനായ റഷ്യൻ സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' (War and Peace) എന്ന ചെറുകഥാ സമാഹാരത്തിൽ മനോഹരമായ ഒരു കഥയുണ്ട്. 'ഒരാൾക്ക് എത്ര ഭൂമി വേണം?' എന്നാണ് കഥയുടെ പേര്.

രാജാവ് സൗജന്യമായി ഭൂമി വിതരണം ചെയ്യുന്ന വാർത്ത നാട്ടിലൊക്കെ വിളംബരം ചെയ്തു. തികച്ചും സൗജന്യമായി വസ്തു സ്വന്തമാക്കാൻ ചെറിയ ഒരു നിബന്ധന പാലിച്ചാൽ മതി. ഒരു ദിവസം ഒരാൾ എത്ര ഭൂമി നടന്നു പൂർത്തിയാക്കുന്നുവോ അത്രയും സ്ഥലം അയാൾക്ക് അവകാശമാക്കാം.

ഭൂമി മോഹിച്ചെത്തിയവരുടെ കൂട്ടത്തിൽ പാവപ്പെട്ട പാഹമെന്ന ഒരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു. രാവിലെ തന്നെ കൊട്ടാരത്തിലെത്തിയ പാഹമിന് രാജസേവകൻ സ്വന്തമാക്കാനുള്ള ഭൂമി കാട്ടിക്കൊടുത്തു. അത്യുത്സാഹത്തോടെ അയാൾ നടപ്പാരംഭിച്ചു. നടന്നാൽ കുറച്ചു ഭൂമിയേ സ്വന്തമാക്കാൻ കഴിയൂ എന്ന് ചിന്തിച്ച് അയാൾ വേഗം ഓടാൻ തുടങ്ങി. ഇടയ്ക്ക് കലശലായി ദാഹിച്ചെങ്കിലും വെള്ളം കുടിക്കാൻ നിന്നാൽ സ്ഥലം നഷ്ടപ്പെടുന്നതോർത്ത് അതിന് തുനിഞ്ഞില്ല. ഭക്ഷിക്കാൻ സമയം കളയാതെ കൂടുതൽ ഭൂമിക്കായി ഓട്ടം തുടർന്നു. ഇടയ്ക്ക് കുഴഞ്ഞു വീണെങ്കിലും ഇഴഞ്ഞും വലിഞ്ഞുമൊക്കെ പാഹം ഭൂമി കൈവശമാക്കൽ അനസ്യൂതം തുടർന്നു.

ഒടുവിൽ സന്ധ്യയായപ്പോൾ രാജാവ് പാഹമിനെ അനുഗമിച്ച രാജസേവകനോട് പാഹം എത്ര ഭൂമി സ്വന്തമാക്കി എന്ന് ചോദിച്ചു.

'ആറടി മണ്ണ്' സേവകൻ ഉത്തരം പറഞ്ഞു.

യഥാർത്ഥത്തിൽ എന്താണ് പാഹമിന് സംഭവിച്ചത്? വെള്ളം കുടിക്കാതെയും ഭക്ഷണം ആസ്വദിക്കാതെയും ക്ഷീണിച്ച വശനായ പാഹം തളർന്നു വീണു മരിച്ചു. ആറടി മണ്ണിൽ കുഴിച്ച കുഴിയിൽ അയാളെ അടക്കം ചെയ്തു.

ടോൾസ്റ്റോയി എഴുതിയ ഈ കഥയ്ക്ക് നാമുമായി എന്തെങ്കിലും ബന്ധമുണ്ടോ? മനസ്സിരുത്തി ചിന്തിച്ചാൽ, നാമും ഈ പാഹമിനെപ്പോലെയല്ലെ?

വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനുമുള്ള പരക്കം പാച്ചിലില്ലേ നാമോരുത്തരും! ശരിക്കൊന്നു വിശ്രമിക്കാനാകാതെ, നന്നായി ഒന്നുറങ്ങാൻ കഴിയാതെ, കുടുംബത്തോടൊപ്പം അൽപ്പം സമയം ചെലവഴിക്കാനാകാതെ മക്കളുടെ കളികളും കുസൃതികളും ആസ്വദിക്കാൻ സാധിക്കാതെ എവിടേയ്ക്കാണീ ദ്രുത ഗമനം?

വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങളുടെ അവസ്ഥ ഏറെ ദയനീയമാണ്. ഭർത്താവ് ജോലിയിൽ നിന്നു വരുമ്പോഴേയ്ക്കും ഭാര്യ ജോലിക്ക് പോകാൻ ഇറങ്ങിയിരിക്കും. ഇതിനിടയിൽ കുട്ടികൾ സ്കൂളിൽ പോയി വരുമ്പോഴേയ്ക്കും ഒരാൾ ഉറക്കത്തിലും മറ്റൊരാൾ ജോലിയിലുമായിരിക്കും. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള സമയങ്ങൾ അപൂർവ്വമായിരിക്കും. ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമൊക്കെ പോയി എന്നു വരുത്തിത്തീർക്കും. എല്ലാം ബാങ്ക് ബാലൻസിൽ കുറെ നമ്പറുകൾ കൂട്ടിച്ചേർക്കാൻ വേണ്ടി മാത്രം.

ആരോഗ്യമുള്ളപ്പോൾ അൽപ്പം സമ്പാദിച്ചു കൂട്ടാമെന്നു കരുതിയാണ് ഓവർടൈമൊക്കെ ധാരാളം ചെയ്യുന്നത്. പിന്നീട് അൽപ്പം വിശ്രമിക്കാമെന്ന ചിന്തയും മനക്കോട്ടയിലുണ്ട്. എന്നാൽ ജോലിയിലെ ടെൻഷനും അസമയങ്ങളിലുള്ള ആഹാരശീലവുമൊക്കെ ചേർന്ന് ഒരു രോഗിയായി മാറുകയാണവർ എന്നറിയുന്നില്ല.

ഡയബെറ്റിസ് ആയതു കൊണ്ട് മധുരം കഴിക്കാനാകുന്നില്ല; പ്രഷർ കൂടി നിൽക്കുന്നതു കൊണ്ട് ഉപ്പിനും വിലക്ക്; അൾസർ കുടലിൽ ബാധിച്ചതിനാൽ എരിവും പറ്റില്ല. മധുരവും ഉപ്പും എരിവുമൊന്നുമില്ലാതെ ജീവിതത്തിന് എന്ത് രുചി?

ഒരു സന്നിഗ്ദ്ധ ഘട്ടത്തിലെത്തി നിൽക്കുമ്പോൾ മനഃസാക്ഷി നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എല്ലാം മറന്ന് ഓടിയതുകൊണ്ട് എന്തു നേടി? വിവിധ ഡോക്ടർമാരുടെ മുറികളിൽ കയറിയിറങ്ങാനോ? സുന്ദരസൗധങ്ങൾ പണിതുയർത്തിയിട്ട് ആശുപത്രിയിലെ മനം മടുപ്പിക്കുന്ന ഗന്ധങ്ങളുടെ ഇടയിൽ ചികിത്സ തേടി കിടക്കാനോ? വലിയ വീട്ടിലെ പാറ്റയുടെയും പല്ലിയുടെയും കണക്കെടുത്ത് ജീവിതം തള്ളിനീക്കാനോ?

കഷ്ടപ്പെട്ട് പഠിപ്പിച്ച മക്കളെ കണികാണാൻ പോലും കിട്ടുന്നില്ല. അവരൊക്കെ നല്ല ജോലി തേടി വിദേശങ്ങളിൽ സ്ഥിരതാമസമാക്കിയിരിക്കുകയല്ലേ?

പാഹമിനെപ്പോലെ ഒടുവിൽ ആറടിമണ്ണിൽ വിലയം പ്രാപിക്കും. നേട്ടമെന്നു ഗണിക്കാൻ അതുമാത്രം......



POEM



# Come Back Peace (please...)



**Shalini Jayaprakash**

I saw her far
Amidst the dust and smoke
I walked towards her
With an eager mind and keen heart
She seemed near
But I knew she ebbed
I walked towards her trying to look into her eyes
To read those searing eyes,
Her trembling lips
I knew, had a tale to tell
I wanted to hold her hands, invite her home
To satiate my humble craving…

Something within me told, she is about to leave,
Leave for ever, never to return
I knew I was nothing, I was nobody
She barely knew me…
Tears rolled down my cheeks
To drop down into the dust at my feet
In the sticky, blood-drenched earth
To melt into nothingness.

I felt my eyes close, I moved into a trance
I could still see her far
Far on my horizons
Unattainable, unreachable
Horrid images flashed upon my inward eye
Genocide, murder of children, ugliness of blood
Shame, ignominy, eerie silence

Hearts bound in fear, silenced in the den of terror
I saw innocent eyes pleading me for retribution
I stared stupidly onto those faces
Unmoved, incapable, incapacitated
I opened my eyes
Hazy, teary, weak
To take one more glimpse of her…

I wanted to cry out loud
Come back, come back one more time
I wanted to scream, I am waiting
Come and heal me
I do not want to fear darkness
I cannot take this sadness
Let me just put my head in your lap
And sleep …
The smile of beautiful dreams!
Let me just sing into your ears
And sweetly…
The songs of freedom!









# DMA ONAM REPORT 2015






















**Shalini Jayaprakash**




Onam is a time of the year that Malayalees all over the world come together to celebrate and cherish their rich, cultural tradition and revive their glorious and beautiful memories of childhood. It is a time of contemplation, of nostalgia and a yearning for the past, and of hope for the future without boundaries and deceptions.

This year's DMA Onam festivities were held at Lamphere High School in Madison Heights on the August 22nd, 2015. Amidst a lot of fervor, fun and entertainment, the DMA family came together one more time to revel in the true Onam spirit. A fantastic pookalam arranged by the DMA Women's Forum welcomed the guests; all dressed in the traditional Kerala attire, and set the Onam mood to its peak. The festivities began with a sumptuous Onam sadya served hot on vazha ila. All the people thoroughly enjoyed the Onavibhavangal served to them with much love and warmth by the DMA Food Committee volunteers.

After the resplendent meal, the cultural segment was kicked-off with an Onam message address by Mrs. Usha Sreekumar, who is an ardent writer of blogs in Malayalam. The opening program, conceptualized by Mr. Saijan Joseph, commemorated 35 years of DMA. It touched upon DMA's birth, growth, and its path towards maturity, charity activities, community outreach and much more. The function also honored the stalwarts in DMA who made a significant impact on its overall development. Following this, DMA's talented kids and adults showcased plenty of cultural programs. Dance segments by various groups of extremely gifted kids was a feast to the eyes. DMA's music












Shibu Varghese










Shibu Varghese










DMA




Shibu Varghese









maestros under the banner of Hridyam gave a brilliant performance. The nostalgic medley of songs ranging from old unforgettable ones to the latest hits was the culmination of the music segment. This was co-ordinated by Mr Rajesh Nair. The gracious, traditional thiruvathira kali by our beautiful ladies and the Chendamelam team led by Mr. Rajesh Nair truly evoked the Onam spirits. When Onam is here, can our Mahabali be far? DMA members too were blessed to see a glimpse of the virtuous King Mahabali. Chakiar and pulikali also created a feel of our Malayalee mannu. It was a heartwarming experience.

The highlight of the evening was a play named Suthalam presented by DMA Productions. The story, script, and dialogues were written by Mrs. Devika Rajesh. The play centered on mythological events from the nether world. The play was premised on the idea that the good triumphs over the evil. The cast and crew did such an incredible job that the audience were glued to their seats with the visual treat on stage. The play had great music, good emotional dialogues, exciting actions, marvelous costumes, and perfect acting by the team. The cast did a fantastic job and this would go down in the memory lane as a great, unforgettable aesthetic experience.

Overall, DMA Onam was an immense success and yet another proof of great teamwork and collaboration on the part of the DMA members. This was possible because of the competent leadership of the president, Mr. Rojan Thomas, secretary, Mr. Akash Abraham, and the cultural program coordinator Mr. Rajesh Nair. As always, DMA proved it one more time. Go Malayalees!!!!!







കഥ

# മതഭ്രാന്തന്മാരുടെ സ്വന്തം നാട്!!

സുനിൽ കുമാർ



ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു കുഞ്ഞുകുറുക്കൻ അച്ഛൻ കുറുക്കനോട് പറഞ്ഞു: എനിക്ക് മനുഷ്യന്റെ മാംസം തിന്നണം.

അടുത്ത ദിവസം അച്ഛൻ കുറുക്കൻ പന്നിയുടെ മാംസം കൊണ്ടു വന്നു. പക്ഷെ കുഞ്ഞു കുറുക്കൻ അതു കഴിക്കാൻ വിസമ്മതിച്ചു.


പിന്നീട് അച്ഛൻ കുറുക്കൻ പശുവിന്റെ മാംസം കൊണ്ടു വന്നു. പക്ഷേ അതും തിന്നാൻ കുഞ്ഞു കുറുക്കൻ വിസമ്മതിച്ചു, മനുഷ്യന്റെ മാംസം തന്നെ വേണമെന്നവൻ വാശി പിടിച്ചു.

അന്ന് രാത്രി അച്ഛൻ കുറുക്കൻ പന്നിയുടെ മാംസം മുസ്ലീം പള്ളിയുടെ മുൻപിലും പശുവിന്റെ മാംസം ക്ഷേത്രത്തിന്റെ മുമ്പിലും കൊണ്ടു വന്നിട്ടു.


നേരം വെളുത്തപ്പോഴേക്കും വഴിനീളെ മനുഷ്യ ശരീരങ്ങൾ കൊണ്ട് നിറഞ്ഞു. ഒരാഴ്ച കുഞ്ഞിക്കുറുക്കൻ മനുഷ്യമാംസം കഴിച്ചിട്ട് അച്ഛൻ കുറുക്കനോട് ചോദിച്ചു,

അച്ഛാ, അച്ഛൻ ഇത്രയും പെട്ടെന്ന് ഇത്രമാത്രം മനുഷ്യമാംസം എങ്ങനെ ഒപ്പിച്ചു?


അച്ഛൻ കുറുക്കൻ പറഞ്ഞു, “മോനേ സഹജീവികളേക്കാളേറെ മതത്തെ സ്നേഹിക്കുന്നവർ ഉള്ളിടത്ത് അവരുടെ മാംസം ലഭിക്കുവാൻ നമ്മൾ അദ്ധ്വാനിക്കേണ്ടതില്ല. അപ്പോൾ കുഞ്ഞിക്കുറുക്കൻ ചോദിച്ചു, നമുക്ക് മതമില്ലാത്തത് എത്ര നന്നായി അല്ലേ അച്ഛാ.



കഥ



# ഓർമ്മയുടെ ചുടുകണ്ണീർ



മാത്യു ജോയ്സ്
ഒഹായോ

**ഞാ**ൻ അമ്മയെ അത്രയും വേദനിപ്പിക്കേണ്ടതില്ലായിരുന്നു. കുഞ്ഞുനാളിൽ അച്ഛനുമമ്മയ്ക്കും എത്ര സ്നേഹമായിരുന്നു. എന്നെ നടുക്കു നിർത്തി അവർ രണ്ടുപേരും ഓരോ കൈയിൽ തൂക്കി എന്നെ ഓടിച്ചും ചാടിച്ചും നടത്തിയ ബാല്യകാലം നേരിയ ഓർമ്മയിലേയുള്ളൂ. പക്ഷെ അറിവായിത്തുടങ്ങിയ കാലത്ത് അവർ തമ്മിൽ പലപ്പോഴും ഉച്ചത്തിൽ സംസാരിക്കുമ്പോൾ എനിക്ക് രണ്ടു പേരോടും ദേഷ്യം തോന്നിയിരുന്നു.

ശ്രീക്കുട്ടിയെന്ന നീട്ടിവിളിയിലൂടെ ഞാൻ നുകർന്നത് അവാച്യമായ സ്നേഹമായിരുന്നു. പൂക്കളുള്ള ഫ്രോക്കുമിടീച്ച് കാലിൽ സ്വർണ്ണപാദസരവുമണിയിച്ച് നെറ്റിയിൽ ചന്ദനപ്പൊട്ടുമണിയിച്ച് അമ്പലത്തിലും മറ്റു ചടങ്ങുകളിലുമൊക്കെ കൊച്ചു സുന്ദരിയായി എന്നെക്കൊണ്ടു നടക്കുമ്പോൾ മറ്റുള്ളവർ എന്റെ കൊച്ചു വർത്തമാനങ്ങൾ മൊഴിയുമ്പോൾ, അമ്മയുടെ മുഖത്തെ പുഞ്ചിരിയിൽ സ്വല്പം അഹങ്കാരവുമുണ്ടായിരുന്നുവെന്ന് തോന്നുന്നു.

സ്കൂളിൽ കൊണ്ടു പോയി വിടുന്നതും തിരിച്ചു കൊണ്ടു വരുന്നതും മിക്കവാറും അച്ഛൻ തന്നെയായിരുന്നു. വളർന്നു വരുമ്പോൾ സ്വല്പം തടി കൂടുമെന്ന ഭയത്താൽ ഐസ്ക്രീം കഴിക്കാനൊന്നും അമ്മ സമ്മതിക്കില്ലായിരുന്നു. എങ്കിലും അമ്മയറിയാതെ പലപ്പോഴും സ്കൂളിൽ നിന്നും മടങ്ങുമ്പോൾ ജോയി ഐസ്ക്രീമിന്റെ പാർലറിൽ കൊണ്ടിരുത്തി എനിക്കിഷ്ടപ്പെട്ട വാനിലയോ സ്ട്രോബറിയോ വാങ്ങിത്തരുന്ന അച്ഛന്റെ കള്ളച്ചിരിയുടെ അർത്ഥം അമ്മ അറിയരുതെന്നായിരുന്നു. അമ്മയറിയാതെ എന്തെല്ലാം കുസൃതികൾക്ക് അച്ഛൻ എനിക്ക് കൂട്ടുനിന്നു. അച്ഛനെ ഞാൻ അറിയാതെ കൂടുതലിഷ്ടപ്പെട്ടു പോകുന്നതിൽ അമ്മയ്ക്ക് സ്വല്പം കുശുമ്പു തോന്നിയിരുന്നു.

അങ്ങനെയുള്ള പല ദിവസങ്ങളിലും ഹോംവർക്കുകളിൽ ആരുടെയും സഹായം തേടാതെ ഞാൻ വിമ്മിഷ്ടപ്പെടുന്നത് അവർക്ക് അറിയാമായിരുന്നു. അമ്മ പറഞ്ഞു തന്നാലും അച്ഛനോട് ഞാൻ ഉറപ്പിക്കാൻ ചോദിക്കുമ്പോൾ അമ്മയുടെ നോട്ടത്തിലെ ദേഷ്യം ഞാൻ കണ്ടതായി നടക്കാറില്ലായിരുന്നു. അവർ പ്രേമിച്ചു കല്യാണം കഴിച്ചതാണെന്ന് കൂട്ടുകാരോട് പറയുമ്പോൾ ഒട്ടിയിരുന്ന് അമ്മ അച്ഛന്റെ തോളിൽ തല ചായ്ക്കുന്നത് കാണുമ്പോൾ അവളുടെ മുഖത്തെ സന്തോഷം ഞാൻ ഒളികണ്ണിട്ട് കണ്ട് ആസ്വദിക്കുമായിരുന്നു. എന്നാൽ അവർ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മ കൂടിക്കൂടി വരുന്നത് എന്തിനായിരുന്നെന്ന് എനിക്കറിയില്ലായിരുന്നു. അമ്മയുടെ എല്ലാവരോടും കൊഞ്ചിക്കുഴയുന്നതു പോലെയുള്ള സംസാരത്തിൽ അച്ഛന് സംശയമുണ്ടായിരുന്നോ. അതോ അച്ഛന് മറ്റൊരാളുമായി ബന്ധമുണ്ടെന്ന് അമ്മയ്ക്ക് വെറുതെ സംശയമായിരുന്നോ. വാതിൽ ചാരിയിരുന്ന് പഠിക്കുന്നതു പോലെയിരിക്കുന്ന എന്നരികിലേയ്ക്ക് പിന്നീടെപ്പോഴോ അമ്മ കയറി വരുമ്പോൾ, എന്നോട് ചിരിച്ചു കുശലം പറയുമ്പോഴും അമ്മയുടെ കണ്ണുനീർ തുടച്ച മുഖം ഉത്കണ്ഠയിൽ ഒരു ചോദ്യചിഹ്നമായി ഉറ്റുനോക്കിയിരുന്നതേയുള്ളൂ.

പലപ്പോഴും അമ്മയുടെ കൂരമ്പുകൾ കേൾക്കുമ്പോൾ അച്ഛൻ എന്നോട് പറഞ്ഞിട്ടുള്ളതിൽ പലതും വാസ്തവമെന്ന് തോന്നിയിരുന്നു. അവർ പിരിയാൻ തീരുമാനിച്ചത് തന്നിൽ നടുക്കമുളവാക്കിയെങ്കിലും തന്റെ എല്ലാമായ അച്ഛനോപ്പം വീടു വിട്ടിറങ്ങിയത് തെറ്റാണെന്ന് അപ്പോൾ തോന്നിയതുമില്ല. തന്റെ വളർച്ചയുടെ നിമ്നോതങ്ങളിൽ, ആധിയും ആശ്ചര്യവും പരിഭ്രമവും നിഴലിച്ച നാളുകളിൽ അച്ഛൻ കെട്ടിപ്പിടിച്ചടക്കി നിർത്തി ധൈര്യപ്പെടുത്തിയപ്പോഴും അമ്മയിലെ എന്റെ കൂട്ടുകാ

രിയുടെ സ്നേഹമസൃണമായ തലോടൽ ഞാൻ കൊതിച്ചിരുന്നു.

അമ്മയ്ക്ക് അസുഖമായി ഹോസ്പിറ്റലിൽ ആണെന്നറിഞ്ഞപ്പോൾ കാണാൻ പോകണമോ വേണ്ടയോ എന്ന് തീർച്ച കല്പിക്കാൻ മനസ്സിൽ ചാഞ്ചാട്ടമുളവായി. തന്റെ കൂട്ടുകാരിയുടെ മകനെ എന്റെ ഭാവി വരനായി റിസർവ്വ് ചെയ്തിട്ടുണ്ടെന്ന് കുഞ്ഞുനാൾ മുതൽ അമ്മ തമാശ പറയാറുണ്ടായിരുന്നു. എന്നാൽ താൻ അപ്രതീക്ഷിതമായി പരിചയപ്പെട്ട കോളജിലെ സഹപാഠി ജിതിനുമായി ഏറെ അടുത്തതിനു ശേഷമാണ് അവൻ ഒരു കോട്ടയംകാരൻ നസ്രാണിപ്പയ്യനാണെന്ന് മനസ്സിലാക്കിയത്. ബന്ധങ്ങൾ പിരിയാൻ കഴിയാത്ത തീരങ്ങളിലേയ്ക്ക് ഇഴുകി ഒഴുകി ആലിംഗബദ്ധരായി ചേർന്നലിഞ്ഞു കിടന്നപ്പോൾ, എത്രയും വേഗം രജിസ്റ്റർ വിവാഹത്തിലെത്തിക്കണമെന്ന് പറഞ്ഞ് തീരുമാനവുമായി അച്ഛനെ സമീപിച്ചപ്പോൾ, തലയാട്ടി സമ്മതം മൂളുമ്പോൾ, അതിലെ നേരിയ അപ്രിയത്വവും ഞാൻ കണ്ടതായിരുന്നു.

“നിന്റെ ഇരുപത്തിയഞ്ചാം ജന്മദിനം കെങ്കേമമായി കൊണ്ടാടണമെന്ന് അമ്മ പണ്ട് പറഞ്ഞിരുന്നത് വെറുതെയാണെന്ന് ഓർത്തിരുന്നു. ജോലിത്തിരക്കിൽ കുടുംബമെന്ന ഭാരം പേറാൻ നന്നേ പാടുപെട്ടു. മിക്കപ്പോഴും യാത്രയിലായിരുന്നു ജിതിനെന്ന പ്രിയതമൻ. അമ്മയ്ക്ക് അനാരോഗ്യം മൂലം മിക്കപ്പോഴും ആശുപത്രിയിലാണെന്ന് നാട്ടിലെ കൂട്ടുകാരി പറയുമ്പോൾ കാണാൻ വരുന്നുണ്ടെന്ന് മാത്രം പറയുമായിരുന്നു.

നാളെയെന്റെ ഇരുപത്തിയഞ്ചാം പിറന്നാളാണെന്ന് ഓർത്തപ്പോൾ മനസ്സിലൊരു വിങ്ങിപ്പൊട്ടൽ ഉരുത്തിരിഞ്ഞു. ക്രിസ്തുമസ് ആയതിനാൽ ജിതിനെയും കൂട്ടി ഒരു ക്രിസ്തുമസ് കേക്കും വാങ്ങി അമ്മയെ കാണാൻ ഉൽക്കഠമായ വാഞ്ചയോടെ പുറപ്പെടുമ്പോൾ വർഷങ്ങൾക്കു ശേഷം കാണുന്ന ഈ നിഷേധിയായ മകളെ അമ്മയ്ക്ക് ഉൾക്കൊള്ളാനാവില്ലെന്ന് തോന്നിത്തുടങ്ങി. നഷ്ടപ്പെട്ട മാതൃവാത്സല്യം സ്വന്തം കുറ്റബോധത്തിലൂടെ ഒരു പഴുതാരയേപ്പോലെ അരിച്ചു കയറുമ്പോൾ തന്റെ കണ്ണിലൂടെ ഉതിർന്നു വീണ ചുടുകണ്ണീർ ജിതിൻ ശ്രദ്ധിച്ചെങ്കിലും, തന്റെ മനം മാറ്റത്തിൽ നേരിയ സന്തോഷമുള്ളതു പോലെ നിശബ്ദനായി കാറോടിച്ചു കൊണ്ടിരുന്നു. വീടിനോടടുത്തപ്പോൾ കുറെ കാറുകൾ നിരന്നു കിടക്കുന്നു. മുറ്റത്ത് കസേരയിട്ടു കുറെപ്പേർ എന്തൊക്കെയോ പറഞ്ഞിരിക്കുന്നതു കണ്ടപ്പോൾ ഹൃദയമിടിപ്പ് പെട്ടെന്ന് കൂടിത്തുടങ്ങി. കാറിൽ നിന്നിറങ്ങിയപ്പോൾ ഒരു ഭയം തന്നെ പരിരംഭണം ചെയ്തു തുടങ്ങി. “അമ്മേ ഞാൻ വരാൻ താമസിച്ചു പോയോ” എന്ന് ഹൃദയം തേങ്ങാൻ തുടങ്ങി. ആ നേരിയ ഭയത്തിൽ കാറിലിരുന്ന കേക്ക് എടുക്കാൻ മടിച്ചു. ഓരോ നടകൾ കയറുമ്പോഴും ഓർമ്മയുടെ കണ്ണുനീർ ചൂടോടെ കവിളിൽ പതിച്ചപ്പോൾ, ഈ അമ്മയെ ഞാൻ എന്തിനു വേദനിപ്പിച്ചുവെന്ന് അറിയാതെ ഉള്ളം തേങ്ങി. അമ്മേ ഈ ശ്രീക്കുട്ടിയോട് ക്ഷമിക്കൂ എന്ന് മനസ്സാവർത്തിച്ചു പറഞ്ഞു.

ഒരു പരിഭ്രാന്തിയോടെ ലിവിങ്ങ് റൂമിലേക്കു കയറിയപ്പോൾ ഓടി വന്ന് കെട്ടിപ്പിടിച്ചു കൊണ്ട് അമ്മ തേങ്ങി “എന്റെ മോൾ ഇന്നു വരുമെന്ന് എന്റെ മനസ്സു പറഞ്ഞു. എന്റെ ശ്രീക്കുട്ടിയുടെ പിറന്നാളാണിന്ന്, ഇരുപത്തഞ്ചാം പിറന്നാൾ” എന്നുറക്കെ അവിടെയിരുന്നവരോടായി പറയുമ്പോൾ താനൊരു കൊച്ചുകുട്ടിയായി അമ്മയുടെ പരിരംഭണത്തിലൊതുങ്ങി നിന്നു, ഒന്നും ഉരിയാടാൻ വയ്യാതെ... നടുക്കത്തെ ഡൈനിംഗ് ടേബിളിന്റെ മേൽ വലിയൊരു കേക്ക് അമ്മ കാണിച്ചു തന്നു. “ഹാപ്പി 25ത്ത് ബർത്ത്ഡേ ശ്രീക്കുട്ടി” യെന്ന് അതിൽ മനോഹരമായി ആലേഖനം ചെയ്തത് വായിക്കുമ്പോൾ, ഒരു വന്മഴ തോർന്നിറങ്ങിയതു പോലെ വികാരവിക്ഷോഭങ്ങളുടെ തിരകൾ തനിക്കുള്ളിൽ അല തല്ലിയമരുകയായിരുന്നു. ക്രിസ്തുമസിന്റെ ആ ചെറിയ കേക്ക് കാറിനുള്ളിൽ എടുക്കാതിരുന്നത് നന്നായി എന്ന് ആരോ ചെവിയിൽ മന്ത്രിച്ചതു പോലെ ഇനി ഒരിക്കലും പിരിയരുതെന്ന് മനസ്സിലുറപ്പിച്ച്, അമ്മയെ കെട്ടിപ്പിടിച്ചുമ്മ വെയ്ക്കുമ്പോൾ, ജിതിൻ പറഞ്ഞു “മെറി ക്രിസ്തുമസ്”.










Devika Rajesh

# The Uninvited Guest

I've seen that uninvited guest
In many unexpected corners
I've listened to that lifeless voice
In every merrier crowd
I've seen him dark and fair...
He inflames me with his calmness
He remains as a shadow
Behind you and me...
I've never seen him smile
Nor I've seen him in rage
He is unwanted and unasked for...
Who knows it better than he himself !
Still he welcomes himself
To the most unwelcoming moment - Death




PUNJAB SWEETS
&
INDIAN CUISINE
Farmington Hills
miindia.com business listing
Special Buffet Prices for
Lunch: Mon - Thu @ 7.99 | Fri - Sun @ 8.99
Dinner: Thu - Sun @ 9.99
Largest Vegetarian and
Non-Vegetarian
Buffet in Town!
CATERING SPECIALS!
We cater for all occasions with live stations, dosa parties, chaat stations.
We serve delicious Vegetarian and Non-Vegetarian dishes.
Call today for special pricing. Must mention miindia
Delivery service available for residents in
Farmington Hills, West Bloomfield and Southfield *
(*FOR ORDER OVER $20 ONLY - $3 EXTRA FOR DELIVERY CHARGES)
Please call and order from the menu below
First Restaurant to offer Delivery!
29205 ORCHARD LAKE ROAD, (Next to ABC Warehouse)
FARMINGTON HILLS. TEL: 248-553-7405
© miindia.com




# റീനി മമ്പലത്തിന്റെ നോവൽ "അവിചാരിതം"

നിരൂപണം ഡോ. മിനി പ്രസാദ്

## വലിയ ലോകത്തെ ചെറിയ മനുഷ്യൻ



അമേരിക്ക ഒരു സ്വപ്നഭൂമിയാണ്. അധ്വാനിക്കുവാൻ കഴിയുന്നവർ വിജയിക്കും. പക്ഷേ ജീവിതം അപ്രതീക്ഷിതങ്ങളിലൂടെയുള്ള ഒരു യാത്രയാണ്'. ഇത് രണ്ട് വ്യത്യസ്തമായ പ്രസ്താവനകളാണ്. ഈ പ്രസ്താവനകൾ ചേർന്ന് നിർമ്മിച്ചെടുക്കുന്ന ഒരു നോവലാണ് റീനി മമ്പലത്തിന്റെ 'അവിചാരിതം'.

റീനി അമേരിക്കയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന മലയാളിയാണ്. തനിക്ക് പരിചിതമായ പ്രവാസലോകത്തെയാണ് റീനി ഈ നോവലിലൂടെ പരിചയപ്പെടുത്തുന്നത്. അമേരിക്കയിൽ പണം കായ്ക്കുന്ന മരമുണ്ടെന്ന വിശ്വാസത്താൽ അവിടെ എത്തിപ്പെട്ടവരായിരുന്നു മലയാളികൾ. അവരുടെ അതിജീവനത്തിന്റെ കഥകളാണിവ. രണ്ടു തലമുറകളാണ് ഇതിൽ പ്രത്യക്ഷപ്പെടുന്നത്. മുതിർന്ന തലമുറ അറിയപ്പെടാത്ത ഒരു നാട്ടിലെത്തി ജീവിതം കരുപ്പിടിപ്പിച്ച് സ്വന്തമായി എന്തൊക്കെയോ ഉണ്ടെന്ന ധൈര്യത്തിൽ ജീവിക്കുന്നവരാണ്. അവരുടെ പ്രധാന പ്രശ്നം അവരിപ്പോഴും അസ്സൽ മലയാളികളാണ് എന്നതാണ്. മക്കളാവട്ടെ അമേരിക്കക്കാരാവാനോ മലയാളികളാവാനോ കഴിയാതെ പോയവരും. അവരെയാണ് റീനി സാൻവിച്ച് ജനറേഷൻ എന്നു വിശേഷിപ്പിക്കുന്നത്. അവരും മാതാപിതാക്കളും തമ്മിലുള്ള സംഘർഷങ്ങളാണ് നോവലിന്റെ ഒരു തലം.

ഏകനായകൻ/നായികയല്ല നോവലിൽ പ്രത്യക്ഷപ്പെടുന്നത്. എങ്കിലും ശാലിനിയുടെ ആഖ്യാനത്തിലൂടെയാണ് നോവൽ പുരോഗമിക്കുന്നതെന്ന് പറയാം. ശാലിനി ഡോക്ടറാണ്. എങ്കിലും ഭർത്താവിന്റെ സംശയരോഗത്തിന്റെ ഇരയായിരുന്നു. അയാൾ തനിക്ക് എന്തെങ്കിലും മനോരോഗമുണ്ടെന്ന് സമ്മതിക്കുവാൻ തയ്യാറല്ല. ഭാര്യയെ അടിക്കുന്നത് ജന്മാവകാശമാണെന്ന് വിശ്വസിച്ച ആളുമായിരുന്നു. അതു കൊണ്ടു തന്നെ ശാലിനി സ്വാതന്ത്ര്യം കാംക്ഷിച്ചു. ശാലിനിയുടെ സഹോദരിമാർ, അവരുടെ കുടുംബങ്ങൾ, വൃദ്ധനായ പിതാവ് അവരൊക്കെയാണ് കഥാപാത്രങ്ങൾ. ജീവിതം നേടിക്കൊടുത്തതൊക്കെ തികഞ്ഞ തിക്താനുഭവങ്ങളായതിനാലാവാം ബോയ്ഫ്രണ്ട് ആയിരുന്ന ഡേവിഡ് പറഞ്ഞ വാക്കുകളിലും പ്രശംസയിലും ശാലിനി അടിപതറി വീണത്. അവൾക്ക് അയാളുടെ കുടുംബമോ ജീവിതമോ ഒന്നും പ്രശ്നമേ ആയിരുന്നില്ല. സ്വന്തം കുടുംബത്തിന്റെ മുന്നിൽ വെച്ച് തന്നെ ഡേവിഡ് അവഗണിക്കുന്നു എന്ന് മനസിലായിട്ടു പോലും അയാളിലെ യാഥാർഥ്യം അവൾ മനസിലാക്കുന്നതേയില്ല. സഹപ്രവർത്തകനായ സ്പാനിഷ്കാരനെ അവഗണിക്കുന്നതും ഡേവിഡിനു വേണ്ടിയാണ്.

നോവൽ തുടങ്ങുമ്പോൾ ഏകാകിയും മധ്യവയസിൽ എത്തി നിൽക്കുന്നവളുമാണ് ശാലിനി. അവരുടെ ഭൂതകാലഓർമ്മകൾ എന്ന നിലയിലാണ് നോവൽ വികസിക്കുന്നത്.

കുടുംബത്തിലെ പ്രശ്നങ്ങൾ ആരും അറിയാതെ സൂക്ഷിക്കാനുള്ള കടമ എന്നും സ്ത്രീക്കുള്ളതാണ്. ഭർത്താവായ സുരേഷ് തന്നെ ഉപദ്രവിക്കുമ്പോഴൊക്കെ നിശബ്ദമായി ശാലിനി അത് സഹിക്കുന്നു. അവൾക്ക് സഹോദരിയോട് കാര്യങ്ങൾ പറയാമായിരുന്നു. പോലീസിനെ വിളിക്കാമായിരുന്നു. അതിനുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമായിരുന്നിട്ടും അവൾ അ

രണ്ടു തലമുറകളാണ് ഇതിൽ പ്രത്യക്ഷപ്പെടുന്നത്. മുതിർന്ന തലമുറ അറിയപ്പെടാത്ത ഒരു നാട്ടിലെത്തി ജീവിതം കരുപ്പിടിപ്പിച്ച് സ്വന്തമായി എന്തൊക്കെയോ ഉണ്ടെന്ന ധൈര്യത്തിൽ ജീവിക്കുന്നവരാണ്. അവരുടെ പ്രധാന പ്രശ്നം അവരിപ്പോഴും അസ്സൽ മലയാളികളാണ് എന്നതാണ്. മക്കളാവട്ടെ അമേരിക്കക്കാരാവാനോ മലയാളികളാവാനോ കഴിയാതെ പോയവരും. അവരെയാണ് റീനി സാൻവിച്ച് ജനറേഷൻ എന്നു വിശേഷിപ്പിക്കുന്നത് . അവരും മാതാപിതാക്കളും തമ്മിലുള്ള സംഘർഷങ്ങളാണ് നോവലിന്റെ ഒരു തലം.

*Best compliments from:*



**Dr. Soman Philip Chacko, ABR**
Office : 248-851-4100 X, 3177
Fax : 248-851-9965
Home : 248-478-5180
Cell : 248-514-8716
Email : spchacko@hotmail.com
6960 Orchard lake Rd, Suite #150
West Bloomfield, MI 48322

Real Estate One®

# For all Your Real Estate Needs


Buying, Selling, Mortgage, Renting, Relocation, & Free Market Analysis

Contact **Soman Philip Chacko**

Your neighborhood Realtor for friendly and professional services







## PHILIPS INTERNATIONAL TRAVEL & TOURS

39275 Silverthorne Bend, Farmington Hills, MI 48331
Cell: 248-514-8716 Home: 248-478-5180

**For all your Travel Services, Indian Visa & Emergency Ticket Needs please call, Soman Philip Chacko**

**Cell: 248-514-8716**

**Email: spchacko@hotmail.com**

www.PrintCall.com

ഇതിലെ കഥാപാത്രങ്ങളുടെ സ്വഭാവങ്ങളിലൂടെ കടന്നു പോവുമ്പോൾ അവരുടെ ഭൗതിക ജീവിതം മാത്രമാണ് ഒന്നാം ലോകരാജ്യത്തെന്നും, മനസും പ്രവർത്തിയും ചിന്തയും മൂന്നാം ലോകരാജ്യത്തിന്റേതാണന്നും നാം തിരിച്ചറിയുന്നു.

തൊന്നും ചെയ്തില്ല. കാരണം നമ്മുടെ പരമ്പരാഗത വിശ്വാസങ്ങൾ തന്നെ. അങ്ങനെയൊക്കെ ചെയ്യുന്നത് ഒരു നല്ല ഭാര്യക്ക് യോജിച്ചതല്ലെന്ന ഓർമ്മ. ചെറുപ്പം മുതലേ കേട്ടു വളർന്നത്. ഇതിലെ കഥാപാത്രങ്ങളുടെ സ്വഭാവങ്ങളിലൂടെ കടന്നു പോവുമ്പോൾ അവരുടെ ഭൗതിക ജീവിതം മാത്രമാണ് ഒന്നാം ലോകരാജ്യത്തെന്നും, മനസും പ്രവർത്തിയും ചിന്തയും മൂന്നാം ലോകരാജ്യത്തിന്റേതാണന്നും നാം തിരിച്ചറിയുന്നു. അശ്വതി എന്ന തന്റെ മകൾ ഒരു കറുത്ത വംശക്കാരനെ വിവാഹം കഴിച്ചാൽ ആ കറുമ്പൻ പേരക്കുട്ടികളെ താൻ എടുക്കേണ്ടി വരുമല്ലോ എന്നതാണ് ആശയെ കുഴയ്ക്കുന്നത്. അവൾ അവനെ കല്ല്യാണം കഴിക്കുന്നതോ അവരുടെ ജീവിതത്തെപ്പറ്റിയുള്ള ഉത്കണ്ഠയോ അല്ല അവരെ കൂടുതൽ വിഷമിപ്പിക്കുന്നത്. അതിനുമപ്പുറം മനുഷ്യരുടെ മുഖത്ത് താനും ഭർത്താവും എങ്ങനെ നോക്കും എന്നതാണ് പ്രശ്നം. റോഷൻ മയക്കുമരുന്നിന് അടിമയാണ് എന്നത് പൂർണമായും ഒളിപ്പിച്ച് നാട്ടിലെത്തി വിവാഹം നടത്തുവാൻ ലതയും സാജനും കാണിക്കുന്ന കൗശലവും, അവരുടെയും മനസും ഇപ്പോഴും വളർന്നിട്ടില്ല എന്നു വ്യക്തമാക്കുന്നുണ്ട്. റോഷൻ ഡ്രഗ്സ് ഉപയോഗിക്കുന്നതിനെക്കുറിച്ച് പരാതി പറയുന്ന മഞ്ജുവിനോട് ആൺകുട്ടികളായാൽ ചിലപ്പോൾ വലിക്കും, ചിലപ്പോൾ കുടിക്കും, നീ അതൊന്നും കാര്യമാക്കേണ്ടെന്ന ഉപദേശവും അടിസ്ഥാനപരമായി ശുദ്ധ മലയാളികളുടേതു തന്നെയാണ്. അവരുടെ പാർട്ടികളിലെ സംസാരം, വീമ്പു പറച്ചിൽ എന്നിവയിലൂടെ കടന്നു പോവുമ്പോഴും അടിസ്ഥാന സ്വഭാവങ്ങൾ മാറിയിട്ടില്ലെന്ന് കാണാം. താൻ ബുഷിനേക്കാൾ നന്നായി ഭരിക്കുമായിരുന്നു എന്നൊക്കെ പറയുന്നവർ, പള്ളികളിലേയും പള്ളി സംഘടനകളിലേയും വഴക്കുകളും നിയന്ത്രിക്കുന്നവർ ഇവരെയൊക്കെ ഈ നോവലിലൂടെ പരിചയപ്പെടുമ്പോൾ അവർ കേരളത്തെ അതേപടി അവിടെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവരാണെന്നു കാണാം. എല്ലാവരുടെയും സ്വപ്നമായ ഏഴാം കടലിനക്കരെയുള്ള ആ രാജ്യത്തേക്കുള്ള യാത്രയെ ഭീതിയോടെ നോക്കുന്നവർ വാർധക്യത്തിന്റെ പടിവാതിലിൽ എത്തിയവരാണ്. ശാലിനിയുടെ അപ്പൻ വർഗീസ് അക്കൂട്ടത്തിൽപ്പെടുന്ന ഒരാളാണ്. സായിപ്പിന്റെ വഴുവഴുത്ത ഭാഷ കേട്ട് ശിഷ്ടകാലം ജീവിക്കുവാൻ മാത്രം താൻ ഇത്ര വലിയ തെറ്റെന്താണ് ചെയ്തതെന്ന് അയാൾ ചോദിക്കുന്നു.

കാലാവസ്ഥ, ഭക്ഷണം, സാഹചര്യങ്ങൾ ഒന്നിനോടും ഇണങ്ങാനാവാതെ അവസാനം ഓർമ്മകൾ നഷ്ടപ്പെട്ടു നിൽക്കുന്ന വർഗീസിനെ പടുമരം എന്നാണ് റീനി വിശേഷിപ്പിക്കുന്നത്.

പുതിയ തലമുറ അതായത് സാൻവിച്ച് ജനറേഷൻ ഇങ്ങനയേ അല്ല. അവർ വളരെ വ്യത്യസ്തരാവാനാഗ്രഹിക്കുന്നു. വീട്ടിലെ അനാവശ്യ നിയന്ത്രണങ്ങൾ അവർക്ക് മനസിലാവുന്നതേയില്ല. ഷോൺ എന്ന ചെറുപ്പക്കാരൻ കറുത്ത വംശത്തിൽ പിറന്നു എന്നത് അവന്റെ കുറ്റമായി കാണാൻ അശ്വതി തയ്യാറല്ല. അവളെ സംബന്ധിച്ചിടത്തോളം ഒരുപാട് പ്ലസ് പോയിന്റുകൾ അവനുണ്ടായിരുന്നു. അവന്റെ കുടുംബം അവളെ വളരെ സ്നേഹത്തോടെ സ്വീകരിക്കുകയും ചെയ്യുന്നു. എനിക്ക് സ്നേഹമെന്ന മതത്തിലേ വിശ്വാസമുള്ളു, മനുഷ്യൻ എന്ന വർഗത്തിലും എന്നു പറയുന്ന അനിൽ, ആശയുടെ മകൻ, പുതിയ തലമുറയുടെ ചിന്താഗതികൾ വ്യക്തമാക്കുന്നു. റോഷൻ, അമേരിക്കൻ യുവത്വത്തിന്റെ എതിർമുഖങ്ങളെ പ്രതിനിധാനം ചെയ്യുന്നു. വീട്ടിൽ നിന്നും പണം മോഷ്ടിച്ച് മദ്യത്തിനും മയക്കുമരുന്നിനും അടിമയായി സ്വയം നശിച്ച് പോകുന്നവർ. അവിടെ വളരുന്ന കുട്ടികൾക്ക് കുടുംബബന്ധങ്ങളിൽ താൽപ്പര്യമോ ആരെയും സഹിക്കുവാനുള്ള മനോഭാവമോ ഇല്ല എന്നതിന് തെളിവായിട്ടു വേണം വല്യപ്പച്ചന്റെ കുഴമ്പു മണത്തോടുള്ള കുട്ടികളുടെ മനോഭാവത്തെ കാണേണ്ടത്. വർഗീസ് സ്മെൽ എന്ന് ആ മണത്തിനെ പുച്ഛിക്കുക മാത്രമല്ല അത് തങ്ങളിലേക്ക് വ്യാപിക്കുമോ എന്നുവരെ അവർ ഭയക്കുന്നു.

സ്വവർഗവിവാഹങ്ങൾ അമേരിക്കയിൽ സാധാരണ ആയെങ്കിലും അതിനെ ഉള്ളു തുറന്ന് സ്വീകരിക്കുവാൻ കുടിയേറ്റക്കാർക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് സമീർ എന്ന തന്റെ മകന് ഗേൾഫ്രണ്ട്സോ മറ്റ് ചീത്ത സ്വഭാവങ്ങളോ ഇല്ല എന്നു പൊങ്ങച്ചം പറഞ്ഞു നടന്ന നാൻസി എന്ന പൊങ്ങച്ചക്കാരി തന്റെ മകൻ ബോബി എന്ന സുഹൃത്തിനെ വിവാഹം കഴിച്ചു എന്ന വാർത്തയ്ക്കു മുന്നിൽ പതറിപ്പോവുന്നത്.

എന്നാലും അമേരിക്കയിൽ എത്തിപ്പെട്ടതിനാൽ മാത്രം രക്ഷപ്പെട്ടു എന്നു വിശ്വസിക്കുന്ന രണ്ടു കുടുംബങ്ങളെയും റീനി പരിചയപ്പെടുത്തുന്നു. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്നവർ. ആ കുടുംബത്തിലെ കുട്ടികളുടെ പൊതുവായ ഉത്തരവാദിത്തബോധം ശാലിനി അത്ഭുതത്തോടെ നോക്കുന്നു. അതിജീവനത്തിന്റെ മറ്റൊരു മുഖം എന്ന നിലയിലാണ് ഇവരെ കാണേണ്ടത്. ഇത്തരം ചില ജീവിതങ്ങൾ കൂടി അവിടെയുണ്ട് എന്നു പറയുമ്പോഴേ നോവൽ പൂർണമാവൂ എന്ന എഴുത്തുകാരിയുടെ ബോധ്യമാണ് ഈ പരിചയപ്പെടുത്തലിലൂടെ സാധ്യമായത്.

അമേരിക്ക എന്ന പലരുടെയും സ്വപ്നലോകത്തിന്റെ ആഢംബരപൂർണവും സുഖകരവുമായ മുഖങ്ങൾക്ക് പിന്നിലുള്ള ചില യാഥാർഥ്യങ്ങളെയാണ് റീനി പരിചയപ്പെടുത്തിയത്. രാഷ്ട്രീയം, സാമൂഹ്യം, സാമ്പത്തികം എന്നിവയൊക്കെ വളരെ കുറച്ചു മാത്രമേ ഇതിൽ കടന്നു വരുന്നുള്ളൂ. പലപ്പോഴും ചില പരാമർശങ്ങളിലൂടെ നാം അവയിലേക്ക് എത്തിപ്പെടുകയാണ്. അതാവാം പ്രവാസരചനകളിലെ പെണ്ണെഴുത്തിന്റെ വ്യതിയാനത. അവർ ഇരുവരുടെയും അനുഭവങ്ങൾ തന്നെ വ്യത്യസ്തമാണല്ലോ. ശാലിനി എന്ന കഥാപാത്രത്തെ ഇത്ര സത്യസന്ധമായി സൃഷ്ടിക്കുവാൻ ഒരു എഴുത്തുകാരിക്കേ കഴിയൂ.

റീനിക്ക് നല്ല ഭാഷയുണ്ട്. ഇത്ര കാലം പ്രവാസജീവിതം അനുഭവിച്ചും അറിഞ്ഞും ജീവിച്ചിട്ടും ഭാഷയുടെ ഒഴുക്ക് നഷ്ടപ്പെട്ടിട്ടില്ല എന്നതാണ് ഈ നോവലിന്റെ വായനയെ സുഗമമാക്കുന്നത്. ശാലിനിയുടെ ഈ ചിന്തകൾ നല്ല ഉദാഹരണങ്ങളാണ്. 'താൻ ഈ വഞ്ചി തനിയെ തുഴയുകയാണ്. ഇവിടെയുള്ള ഓരോ ഓളവും നുരകളും തന്റേതാണ്. തുഴയെറിയുന്ന ദിശ നിർണയിക്കുന്നതും താൻ തന്നെ. ഈ സ്വാതന്ത്ര്യവും സ്വച്ഛതയും താൻ ഇഷ്ടപ്പെടുന്നു. ഇപ്പോൾ സഞ്ചരിക്കുന്ന തടാകത്തിന്റെ ശാന്തത മറന്ന് കാറ്റും കോളും ഉണ്ടായേക്കാവുന്ന മറ്റൊരു തടാകത്തിലേക്ക് വേണമെങ്കിൽ തുഴയാം. അപ്പോൾ തന്റെ വഞ്ചി മുങ്ങിയേക്കുമോ എന്ന ഭയം അവളിൽ പടരുന്നു'. ജീവിതം അപ്രതീക്ഷിതങ്ങളിലൂടെയുള്ള ഒരു യാത്രയാണെന്ന്, ഒരു മരീചികയാണെന്ന് ശാലിനി തന്നെത്തന്നെ ഓർമ്മപ്പെടുത്തുന്നയിടത്ത് നോവൽ അവസാനിക്കുന്നു. അവിചാരിതമാണെന്ന് നാം കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. സമ്പന്ന നാടിന്റെ അധ്വാനം കൊണ്ട് ജയിക്കുന്നവരുടെ, നാടിന്റെ സാൻവിച്ച് ജനറേഷന്റെ തീരുമാനങ്ങളുടെ, വാർധക്യം ശാപമായ നാട്ടിലെ ചെറിയ മനുഷ്യരുടെയും അവർ നിലനിൽക്കുന്ന വലിയ ലോകത്തിന്റെയും കഥകൾ.....

***അവിചാരിതം, റീനി മമ്പലം,***
***പ്രസാധനം: ന്യൂ ബുക്സ് കണ്ണൂർ***
***വില 90 രൂപ***

# PINNACLE HOMES



## PROUDLY SUPPORTS DMA

### CANTON
*The Reserve at River's Edge*
- Starting from the mid $300'S
- Acclaimed Plymouth-Canton schools
- Close to Cherry Hill Village
- Minutes from downtown Ann Arbor

***For more info, call Chris at 248.974.7510***

### CANTON
*The Corners at Cherry Hill Village*
- Starting from the mid $300's
- Maintenance Free Ranch Living
- In the heart of Cherry Hill Village

***For more info, call Bob at 248.563.5341***

### NOVI
*Andelina Ridge*
- Starting from the upper $300's
- Luxury homes with Lyon schools
- Over 13 acres of open spaces, park areas & woods
- 2600 – 3200 sq. ft.

***For more info, call Barb at 586.703.1846***

### NOVI
*Valencia Estates*
- Starting from the low $500's
- Acclaimed Novi schools
- Close to expressways, shopping, dining, entertainment & recreation
- 3-car side entry garages

***For more info, call Todd at 734.516.1107***

### NORTHVILLE
*Kirkway Estates*
- Starting from the upper $400's
- Highly acclaimed Northville schools
- Low Lyon taxes
- 3-car side entry garages

***For more info, call Todd at 734.516.1107***







PinnacleHomes.com

EQUAL HOUSING OPPORTUNITY

ദർശനം



# നമ്മൾ വീണ്ടും കാണേണ്ട ഒരു മലയാള ചിത്രം

# ഗുരു

**വൈശാഖ് സോമനാഥ്**

*'Thought was born blind,*
*but Thought knows what is seeing'*
*Fernando Pessoa (Portugese Poet)*

എല്ലാ മതക്കാരും സ്നേഹത്തോടും സൗഹാർദ്ദത്തോടും കഴിയുന്ന ഒരു കൊച്ചു ഗ്രാമമാണ് കഥാപശ്ചാത്തലം. നിസ്കാരത്തൊപ്പി ധരിച്ച് ഒരു കൊച്ചുകുട്ടി ക്ഷേത്രത്തിൽ കയറിയത് ക്ഷേത്രനിവാസികൾ കാണുകയും അതെച്ചൊല്ലി ഒരു ചെറിയ ഉലച്ചിൽ ആ മതസൗഹാർദ്ദത്തിനുണ്ടാവുകയും ചെയ്യുന്നു. എന്നാൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഹിന്ദുക്കളുടെ വോട്ട് നേടാനായി വേമ്പനാടൻ (എൻ. എഫ് വർഗീസ്) എന്ന രാഷ്ട്രീയ നേതാവ് ഈ ചെറിയ പ്രശ്നത്തെ ഊതിപ്പെരുപ്പിച്ച് ഗ്രാമത്തിൽ അങ്ങിങ്ങായി കലാപങ്ങൾ അഴിച്ചു വിടുന്നു. ക്ഷേത്രത്തിലെ ശാന്തിയും (ചാരുഹാസൻ) മകനായ രഘുരാമനും മറ്റു കുടുംബാംഗങ്ങളും നാട്ടിലെ പ്രധാനിയായ സാഹിബും (മുരളി) കുടുംബവും ഒരുമിച്ച് രായ്ക്കുരാമാനം നാട്ടിൽ നിന്ന് പലായനം ചെയ്യാൻ ശ്രമിക്കുന്നുണ്ടെങ്കിലും രഘുരാമൻ ഒഴികെ ബാക്കിയെല്ലാവരും മതഭ്രാന്തന്മാരാൽ കൊല്ലപ്പെടുന്നു. ജന്മം കൊണ്ട് ബ്രാഹ്മണനാണെങ്കിലും തനിക്കൊരു മനുഷ്യനായാൽ മതി എന്ന് അച്ഛനോട് കയർത്തിരുന്ന രഘുരാമനെ പക്ഷേ ഉറ്റവരുടെയും ഉടയവരുടെയും മരണം ഒരു മതാന്ധനാക്കുന്നു. ഹിന്ദു അക്രമികളുടെ കൂടെ ചേർന്ന് ഒരു മുസ്ലിം അഭയാർഥി കേന്ദ്രം തകർക്കാനായി രഘുരാമൻ നിയോഗിക്കപ്പെടുമെങ്കിലും അയാളുടെ ശ്രമം പരാജയപ്പെടുന്നു. ഗത്യന്തരമില്ലാതെ പുഴയിൽ ച്ചാടി രക്ഷപെടുന്ന അയാൾ എത്തിച്ചേരുന്നത് ജാതിമതഭേദമെന്യേ എല്ലാവരും സ്നേഹത്തോടെ കഴിയുന്ന ഒരാശ്രമത്തിലാണ്.

രഘുരാമൻ തന്റെ ദൗത്യം നിറവേറ്റാനായി തന്റെ കൂട്ടാളികളോടൊപ്പം ആശ്രമത്തിൽ നിന്നും ശ്രമിക്കുമെങ്കിലും അവിടുത്തെ അന്തേവാസിയായ ഒരു പെൺകുട്ടി (സിതാര) അയാളെ തടയുകയും ഒരതീന്ദ്രിയ അനുഭവത്തിലൂടെ അയാൾക്ക് തന്റെ തെറ്റ് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. പൊള്ളയായ മതവിശ്വാസങ്ങളാൽ മനുഷ്യനെ അന്ധനാക്കുകയല്ല, മറിച്ച് പരമമായ അറിവിനാൽ അവനെ ഉദ്ബുദ്ധനാക്കുകയാണ് വേണ്ടതെന്ന് രഘുരാമൻ മനസ്സിലാക്കുന്നിടത്ത് ചിത്രം അവസാനിക്കുന്നു. ഒടുവിൽ കലാപത്തിനിരയായ ഒരു പറ്റം നിരപരാധികളെ രക്ഷിക്കാനായി രഘുരാമൻ പായുമ്പോൾ അയാളോടൊപ്പം നമ്മുടെ മനസ്സും പായുന്നുണ്ട്.

ഗുരുവിന്റെ പാദുകം സ്പർശിക്കാനായി തുനിയുമ്പോൾ രഘുരാമന്റെ മനസ്സ് പതറുന്നുണ്ട്. കണ്ണുകൾ മറയ്ക്കപ്പെട്ട അയാളുടെ ഉള്ളിലെ നന്മ മറനീക്കി പുറത്തുവരാൻ വെമ്പുകയാണ്. സ്വപ്നത്തിനും യാഥാർത്ഥ്യത്തിനും ഇടയ്ക്കുള്ള മായികലോകത്ത് എത്തിപ്പെടുമ്പോൾ അയാൾ കാണുന്നത് കാഴ്ചയെ മിഥ്യയായും പാപമായും കാണുന്ന ഒരു ജനതയെയാണ്. രാജാവും പ്രജകളുമെല്ലാം കാഴ്ചയില്ലാത്തവർ. അവരുടേതു മാത്രമാണ് ഈ ലോകമെന്ന് വിശ്വസിക്കുന്നവർ. കണ്ണുകൾ വെറുതെ ഉരുണ്ടു കളിക്കുന്ന ചെറിയ ഗോളങ്ങൾ മാത്രമാണെന്ന് കരുതുന്നവർ. 'ഈ താഴ്വാരത്തിനു പുറത്ത് ഒരു ലോകമുണ്ട്. പർവ്വതങ്ങളും പക്ഷികളും പൂക്കളും ആകാശവും മേഘങ്ങളും, ഇവയെല്ലാം കണ്ണുകൊണ്ട് കാണുന്ന മനുഷ്യരുമുണ്ട്' എന്ന് രഘുരാമൻ പറഞ്ഞപ്പോൾ അയാളെ ക്ഷുദ്രശക്തിയെന്ന് വിളിച്ച് ക്രൂശിക്കുകയാണ് അവർ ചെയ്തത്. കാഴ്ചയുള്ളവൻ ദൈവപുത്രനാണെന്നും അവനെ കുരിശിൽ തറയ്ക്കാനും അമ്പെയ്തു കൊല്ലാനും എന്നും മനുഷ്യർക്ക് ആവേശമാണെന്നുമുള്ള ലോകസത്യം എത്ര മനോഹരമായാണ് രാജീവ് അഞ്ചൽ ഈ രംഗങ്ങളിൽ നമുക്ക് കാണിച്ചു തരുന്നത്.

ഇലാമാ പഴം

അന്ധന്മാരുടെ ലോകത്തിൽ പുതുതാ

പിറന്നു വീഴുന്ന ഓരോ കുഞ്ഞുങ്ങൾക്കും വിവേകം വെച്ച് തുടങ്ങും മുമ്പേ മതവിശ്വാസങ്ങളുടെ വിഷം ഇലാമാ പഴത്തിന്റെ രൂപത്തിൽ കുത്തിവെയ്ക്കുകയാണ് ചെയ്യുന്നത്. അർത്ഥശൂന്യമെങ്കിലും കാലാകാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന അനേകം മതവിശ്വാസങ്ങളും ആചാരങ്ങളും ഇന്നും തുടർന്നുപോരുകയും മതങ്ങൾക്കെല്ലാം ആധാരമായ സ്നേഹം അഥവാ അറിവിനു നേരെ കണ്ണടയ്ക്കുകയും ചെയ്യുന്ന നമ്മുടെ അജ്ഞതയ്ക്കുള്ള സിദ്ധൗഷധമാണ് 'ഗുരു'.

യി ജനിക്കുന്ന ഓരോ കുഞ്ഞിനും ഇലാമാ പഴത്തിന്റെ ചാറ് കൊടുക്കുന്നത് ആയുസ്സ് വയ്ക്കാൻ വേണ്ടിയാണെന്ന് രമണകൻ (മധുപാൽ) പറയുമ്പോഴാണ് രഘുരാമൻ ഇലാമാ പഴം ആദ്യമായി കഴിച്ചു നോക്കുന്നത്. കഴിക്കുന്തോറും വീണ്ടും കഴിക്കാൻ തോന്നുന്ന അത്ര സ്വാദുള്ള പഴമാണ് ഇലാമാ പഴം. ജീവൻ നിലനിർത്തുന്ന വിശേഷപ്പെട്ട പഴമാണെങ്കിലും അതിന്റെ കുരു കൊടിയ വിഷമാണെന്നതും ആ താഴ്‌വാരത്തിന്റെ അലിഖിതനിയമമാണ്.

ഇലാമാ പഴം കഴിച്ച് തന്റെ കാഴ്ച നഷ്ടപ്പെടുന്ന രഘുരാമൻ അന്ധതയ്ക്കു കാരണം ഇലാമാ പഴമാണെന്ന് ആളുകളെ ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവിടെയും ആളുകൾ അവിശ്വാസിയെന്നു വിളിച്ച് അയാളെ ആക്രമിക്കുകയാണ് ചെയ്യുന്നത്. ഒടുവിൽ വിജയന്ത മഹാരാജാവ് (സുരേഷ് ഗോപി) അയാളെ പിടികൂടി വധശിക്ഷയ്ക്ക് വിധിക്കുന്നു. മുമ്പ് ആർക്കും നൽകിയിട്ടില്ലാത്ത ശിക്ഷ! ഇലാമാ പഴത്തിന്റെ വിഷവിത്ത് നൽകി കൊല്ലാനായിരുന്നു രാജാവ് വിധിച്ചതെങ്കിലും വിഷമെന്ന് അവിടുത്തെ ജനങ്ങൾ ഒന്നോടെ വിശ്വസിച്ചിരുന്ന വിത്ത് യഥാർത്ഥത്തിൽ അന്ധതയ്ക്കുള്ള ദിവ്യൗഷധമാണെന്ന് രഘുരാമൻ തിരിച്ചറിയുന്നതും അപ്പോഴാണ്. കാഴ്ച തിരിച്ചുകിട്ടിയ രഘുരാമൻ തന്നിൽ വിശ്വാസമർപ്പിക്കാൻ തയ്യാറായ രമണകനടക്കമുള്ള ഒരു പറ്റം ആളുകൾക്ക് പഴത്തിന്റെ വിത്തിന്റെ ചാറ് കൊടുത്ത് അറിവാകുന്ന കാഴ്ചയാൽ അവരുടെ കണ്ണുകൾ തുറപ്പിക്കുന്നു.

സത്യത്തിൽ ഇലാമാ പഴം ഇവിടെ മതത്തെയും സങ്കുചിതമായ മതവിശ്വാസങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. പിറന്നു വീഴുന്ന ഓരോ കുഞ്ഞുങ്ങൾക്കും വിവേകം വെച്ച് തുടങ്ങും മുമ്പേ മതവിശ്വാസങ്ങളുടെ വിഷം ഇലാമാ പഴത്തിന്റെ രൂപത്തിൽ കുത്തിവെയ്ക്കുകയാണ് ചെയ്യുന്നത്. കയ്പ്പേറിയതെങ്കിലും അറിവിനെ സൂചിപ്പിക്കുന്ന പഴത്തിന്റെ വിത്ത് അവർക്ക് വിലക്കപ്പെട്ടതാണ്. അർത്ഥശൂന്യമെങ്കിലും കാലാകാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന അനേകം മതവിശ്വാസങ്ങളും ആചാരങ്ങളും ഇന്നും തുടർന്നുപോരുകയും മതങ്ങൾക്കെല്ലാം ആധാരമായ സ്നേഹം അഥവാ അറിവിനു നേരെ കണ്ണടയ്ക്കുകയും ചെയ്യുന്ന നമ്മുടെ അജ്ഞതയ്ക്കുള്ള സിദ്ധൗഷധമാണ് 'ഗുരു'. നമ്മുടെ കണ്ണുകളിൽ അറിവിന്റെ വെളിച്ചം പകരുന്ന ഗുരു!

# *Congratulations*



**Girish Nair** had been elected to the Board of Directors of Wayne County Dispute Resolution Center, among other accomplished County professionals including Assistant Prosecutor of U.S. State Dept and Wayne County Magistrate Judge and General Counsel of Detroit Lighting Commission.





# തനിയെ...



**സന്ദീപ് പാലയ്ക്കൽ**

ആശുപത്രിയുടെ മണം അയാൾക്ക് ഇഷ്ടമല്ലായിരുന്നു.. എല്ലാ ആശുപത്രികൾക്കും ഒരേ മണമാണെന്ന് അയാൾക്ക് തോന്നി. ഫിനോയിലിന്റെ രൂക്ഷഗന്ധം. അമ്മച്ചി ആശുപത്രിയിൽ വച്ച് മരിക്കുമ്പോഴും ഈ ഗന്ധം അയാളെ അലോസരപ്പെടുത്തിയിരുന്നു.

'സുമയുടെ കൂടെ ഉള്ള ആളല്ലേ?' നേഴ്സിന്റെ ചോദ്യം കേട്ടപ്പോൾ അയാൾ തിരിഞ്ഞു 'അതെ, ഭർത്താവാണ്.' അയാൾ പറഞ്ഞു. 'വേദന തുടങ്ങിയിട്ടില്ല അല്ലെ, ഞാൻ ഡോക്ടറോട് ചോദിക്കട്ടെ!' അതിനു അയാൾ ഒന്നും മിണ്ടിയില്ല.

സമയം ആറുമണി, വെളിച്ചതിന്റെ നിറം ഇപ്പോഴും ചുവപ്പാണ്. സുമ നല്ല ഉറക്കം. രാവിലെ നേരത്തെ എഴുന്നേറ്റ് ശീലമില്ല, എങ്കിലും അയാൾ ഇന്ന് എഴുന്നേറ്റു. ഇന്നാണ് ഡെലിവറി ഡേറ്റ്, എപ്പോ വേണമെങ്കിലും വേദന വരാം എന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്. അയാൾ അവളുടെ മുഖത്ത് നോക്കികൊണ്ടിരുന്നു. കോളേജിൽ പഠിക്കുമ്പോഴാണ് അമ്മച്ചി മരിക്കുന്നത്, അതിനു ശേഷം ഒരമ്മയുടെ സ്നേഹം അയാൾക്ക് കിട്ടിയത് അവളിൽ നിന്നാണ്. അവളിന്നൊരു അമ്മയാവാൻ പോകുന്നു. ഉറക്കത്തിൽ 'ഇച്ചായ' എന്ന് സുമ വിളിച്ചു, അയാൾക്ക് ചിരി വന്നു. ഉറക്കം അവളുടെ നിഷ്കളങ്കതയെ വർധിപ്പിക്കുന്നു.

സുമ എന്ന പേര് അയാൾ കേൾക്കുന്നത് വിവേകിൽ നിന്നായിരുന്നു. കോളേജിൽ വിവേകിന്റെ സഹപാഠി ആയിരുന്നു സുമ. ജോലി അന്വേഷിച്ചു ബാംഗ്ലൂരിൽ എത്തിയ അവൾക്കു ജോലി സംഘടിപ്പിച്ചു കൊടുത്തത് അയാളായിരുന്നു. ആ പരിചയം അവരെ വിവാഹത്തിൽ എത്തിച്ചു. രണ്ടു ദൈവങ്ങളെ ഒരു വീടിനു കീഴിൽ കൊണ്ടു വരണമെന്ന് അവർ ആഗ്രഹിച്ചപ്പോൾ അവരുടെ കുടുംബങ്ങൾ അകന്നു നിന്നു. ഇന്ന് ഈ ആശുപത്രിയിലും അയാൾ തനിയെ ആയിരുന്നു. അമ്മച്ചി ഉണ്ടായിരുന്നെങ്കിൽ എന്നു അയാൾ ആഗ്രഹിച്ചു. വിവാഹം കഴിഞ്ഞിട്ട് വർഷം രണ്ടായി. അയാളുടെയും അവളുടെയും വീട്ടുകാരുടെ എതിർപ്പിനു ഒരു കുറവും ഇല്ല.. ഈ മകൾ ഗർഭിണിയാണ് എന്ന് വിളിച്ചു പറഞ്ഞപ്പോൾ, അങ്ങനെ ഒരു മകൾ ജീവിച്ചിരിപ്പില്ല എന്നായിരുന്നു അവരുടെ പ്രതികരണം. അതിനു കാരണം ഒരു ഹിന്ദു പെൺകുട്ടിയെ കല്യാണം കഴിച്ചത് 'വർഗീസ് ചെറിയാൻ' ആയതുകൊണ്ടാകാം.

'എഴരക്ക് ഓപ്പറേഷൻ തീയേറ്ററിൽ കൊണ്ടുപോകാം എന്ന് ഡോക്ടർ പറഞ്ഞു.' നേഴ്സ് ആണ്. 'അതിനു വേദന വന്നില്ലല്ലോ?' അയാൾ സംശയം പറഞ്ഞു 'എനിക്കൊന്നും അറിഞ്ഞു കൂടാ, വേണേൽ ഡോക്ടറോട് ചോദിക്ക്?' നേഴ്സിന്റെ സംസാരം അയാൾക്ക് ഇഷ്ടപ്പെട്ടില്ല. എങ്കിലും അയാൾ മിണ്ടാതിരുന്നു. ചിലർ അങ്ങിനെയാണ്, പരിസരബോധം ഇല്ലാതെ.

ഏഴര എന്നാൽ ഒരു മണിക്കൂർ കൂടി. 'സുമേ' അയാൾ വിളിച്ചു 'എഴരക്ക് ലേബർ റൂമിൽ പോകണമെന്ന് നേഴ്സ് പറഞ്ഞു'. 'ഇച്ചായ, സമയമെത്രയായി' അവൾ ചോദിച്ചു. 'ആറര, ഇനി ഒരു മണിക്കൂർ കൂടി. നീ പോയി റെഡിയാവ്.' അവളുടെ കണ്ണിൽ ഉറക്കം ബാക്കി നിൽക്കുന്നത് കാണാമായിരുന്നു. അവൾ പതുക്കെ എഴുന്നേറ്റു ബാത്ത്റൂമിലേക്ക് പോയി.

'ഇച്ചായനു ടെൻഷൻ ഉണ്ടോ?' ബാത്ത്റൂമിൽ നിന്നും ശബ്ദം മാത്രം വന്നു. അയാൾ ഒന്നും മിണ്ടിയില്ല. എന്തു പറയണമെന്ന് അയാൾക്ക് അറിയില്ലായിരുന്നു. അവളോട് അയാൾ കള്ളം പറഞ്ഞിരുന്നില്ല. എന്നാൽ അവളെ വിഷമിപ്പിക്കുന്ന ആ സത്യം പറയാൻ അയാൾക്ക് തോന്നിയില്ല. അയാൾക്ക് ടെൻഷൻ ഉണ്ടായിരുന്നു.

പുറത്തു ചെറുതായി മഴ പെയ്യാൻ തുടങ്ങിയിരുന്നു. ആകാശം മേഘാവൃതമായതിനാൽ ആകെ ഒരു മുഷിഞ്ഞ ദിനമായി തോന്നി. സുമ പുറത്തു വന്നു ബെഡിൽ ഇരുന്നു. രണ്ടുപേരും ഒന്നും മിണ്ടിയില്ല. ചാറ്റൽ മഴയുടെ നനുത്ത ശബ്ദം മാത്രം.

വരാന്തയിൽ വീൽചെയറിന്റെ ശബ്ദം കേട്ടു, അപ്പോഴാണു അയാൾ സമയം നോക്കിയത്. ഏഴര, സുമയെ കൊണ്ടു പോകാൻ അറ്റെൻഡർ വരുകയാണ്.

'ഇച്ചായൻ ടെൻഷൻ അടിക്കണ്ട. സിസ്സേറിയൻ ആണ് ഇപ്പോൾ നല്ലത് എന്നല്ലേ എല്ലാവരും പറയുന്നത്.' അവൾ മുഖത്ത് ചിരി വരുത്താൻ ശ്രമിച്ചു. അവളുടെ മുഖത്ത് അയാൾക്ക് ടെൻഷൻ കാണാൻ കഴിയുമായിരുന്നു. അയാൾ അവളുടെ നെറുകയിൽ തലോടി. 'ഒന്നും പേടിക്കാനില്ല.' അയാൾ പറഞ്ഞു. വീൽ ചെയറിൽ അവളെ ലേബർ റൂമിൽ കൊണ്ടു പോകുമ്പോൾ അയാളും കൂടെ ചെന്നു.

സമയം പന്ത്രണ്ടര, ഇത് വരെ ഒന്നും അറിഞ്ഞിട്ടില്ല . 'സുമ' നേഴ്സ് ആണ്. 'യെസ്' അയാൾ പറഞ്ഞു "വേദന വരുന്നില്ല. ഇത്രനേരം നോക്കി. ഇനി ഓപ്പറേഷൻ ആക്കാമെന്ന് ഡോക്ടർ പറഞ്ഞു." അയാളൊന്നും മിണ്ടിയില്ല. 'ഈ പേപ്പറിൽ ഒപ്പിടണം.' അയാൾ അത് വായിച്ചു. ആരും ഒന്നിനും ഉത്തരവാദിയല്ല എന്നായിരുന്നു അതിന്റെ ഉള്ളടക്കം. ഒപ്പിടുമ്പോൾ അയാളുടെ കൈ വിറക്കുന്നുണ്ടായിരുന്നു. അ

കത്തേക്കു പോകുമ്പോൾ നേഴ്സ് മെല്ലെ പറഞ്ഞു “ചില കോംപ്ലിക്കേഷൻസ് ഉണ്ട്.” അയാൾ സ്വയം സമാധാനിക്കാൻ ശ്രമിച്ചു. ‘ഒന്നുമുണ്ടാകില്ല.’

വാച്ചിന്റെ സൂചി ഇഴഞ്ഞു നീങ്ങുന്നു. മിനുട്ടുകൾക്കു മണിക്കൂറിന്റെ ദൈർഘ്യം. ഫിനൊയിലിന്റെ രൂക്ഷഗന്ധം അയാളെ ഇന്നും അസ്വസ്ഥനാക്കുന്നുണ്ടായിരുന്നു. ‘സുമ! ഇല്ല ഒന്നുമില്ല.’ അയാൾ സ്വയം സമാധാനിച്ചു. മെഡിക്കൽ സയൻസ് ഇത്രക്കും പുരോഗമിച്ച ഈ കാലത്ത് ഇത്തരം ചിന്തകൾക്ക് ഇവിടെ സ്ഥാനമില്ല. എങ്കിലും ചില നിമിഷങ്ങളിൽ മനസ്സ് കാടു കയറുന്നുണ്ടായിരുന്നു.

ലേബർ റൂമിന്റെ ഡോർ തുറന്ന് നേഴ്സ് പുറത്തേക്കു പോയി. ‘നേഴ്സ്.’ അയാൾ വിളിച്ചു നോക്കി. തിരിഞ്ഞുപോലും നോക്കാതെ അവർ വേഗത്തിൽ നടന്നു പോയി. കുറച്ചു സമയത്തിന് ശേഷം രണ്ടു കുപ്പി ബ്ലഡുമായ് അവർ ലേബർ റൂമിൽ കയറിപ്പോയി. ആശുപത്രിയിൽ ആളുകൾ കുറവായിരുന്നു. നിശബ്ദത ആ വരാന്തയിൽ തളം കെട്ടി നിന്നിരുന്നു. അയാളുടെ ഹൃദയമിടിപ്പിന്റെയും ശ്വസോച്ഛ്വാസത്തിന്റെയും ശബ്ദം അയാൾക്ക് തന്നെ വ്യക്തമായി കേൾക്കാമായിരുന്നു.

‘പെൺകുഞ്ഞാണ്.’ നെഴ്സിന്റെ ശബ്ദം കേട്ടു അയാൾ തിരിഞ്ഞു നോക്കി. ‘എന്റെ മകൾ.. സുമക്ക്?’ അയാൾ ചോദിച്ചു. കുഞ്ഞിനെ അയാളുടെ കയ്യിൽ കൊടുത്തു. നേഴ്സ് ഒന്നും മിണ്ടാതെ തിരിച്ചു പോയി. ‘സുമ?’ അയാൾ വീണ്ടും ചോദിച്ചു. ഡോക്ടർ ആണ് മറുപടി പറഞ്ഞത് ‘നാവു അടഷ്ട്ടു പ്രയത്ന പടവി.. but really sorry.’

കന്നഡ അയാൾക്ക് അറിയാമായിരുന്നു. എന്നിട്ടും ഡോക്ടർ പറഞ്ഞത് ഉൾകൊള്ളാൻ അയാൾക്ക് സാധിച്ചില്ല.. അയാൾ ഫോൺ എടുത്തു വിവേകിനെ വിളിച്ചു.. ‘വിവേകേ, നീ ഒന്ന് ഇങ്ങോട്ടു വരുമോ. ഞാനും എന്റെ മോളും ഇവിടെ തനിയെ ആണെടാ..’ കണ്ണീർ നിറഞ്ഞതിനാൽ അയാൾക്ക് അയാളുടെ മകളുടെ മുഖം കാണാൻ കഴിഞ്ഞിരുന്നില്ല.




# Leaves



Shruthi Sunilkumar

Suddenly it's October again, so beautiful
Breathtaking scenes
I lay on the grass
In the twilight of day
Watching the leaves fall
And admiring them
They are so gorgeous that the colors are mesmerizing
So bright and vibrant
From the reflection of the sun
The leaves dance in my eyes
An exquisite sight
And I feel that I am in the blanket of autumn
Confined in the greatness of October
The leaves envelope me there
In the blazing, wondrous moment
And my own stupendous mind
Fills me with serenity



# Glimpse of DMA's CHARITABLE CONTRIBUTIONS 2015



Saijan Joseph

Detroit Malayalee Association (DMA) – started serving the Detroit metro community in 1980s. DMA has stood out, amongst the other Indian American organizations as a leader in non-profit, social, cultural and educational activities. Though the stalwarts of DMA change every year, the basic principles of its founding are intact and only flourishes year by year.

The one thought that comes to everyone's mind as soon as you think of DMA is its irreplaceable lead in charitable work for the Malayalee community in "God's Own Country" (Kerala) and others here in metro Detroit. DMA has achieved its non-profit recognition from the State of Michigan due to commendable actions of its members over the past years

Detroit Malayalee Association continues its tradition of service to the society and humanity through its multiple charity and community service projects. During the year 2015 DMA has been actively involved in helping and touching lives in several ways. DMA members have extended their valuable time and money helping and extending their helping hands to help and nurture many less-privileged members amongst us, of the society and community. We are proud and happy to share with you, this selfless contribution, that DMA has been making to help the needy souls, making lives better for the old, young, disabled and less privileged here locally in Michigan and in our own soil- Kerala.



Listed below are the list of projects/programs/community outreach activities that DMA and its members undertook and contributed to during the year.

Humanitarian efforts through charity activities is part of the DN of DMA. Earlier this year, DMA came to know the humbling story of Mr. Rajesh from Kurichy, Kerala, India. Seeing his deep need for financial assistance, DMA decided to fund Mr. Rajesh. Raised $ 1160.00 and send it to Rajesh's wife Mrs. Manju. DMA executive member, Mr. Sudarsana Kurup coordinated this charity effort.

**Operation Get Down:**

During this winter, DMA women's forum collected blankets, sweaters, sweatshirts, boots, coats, gloves, etc. worth $1000 and donated them to "Operation Get Down". Operation Get Down, Inc. is a non-profit, community-based agency serving metro Detroiters since 1971.

**Adopt-a-Road program:**

Detroit Malayalee Association is the first and the only Indian association in Michigan to do the Adopt-a-Road program. Last year, we started the program in partnership with Oakland County and adopted Dequindre Road between 14 and 16 Mile. This year we added one more road, Novi Road between Grand River and 8 Mile. DMA members also helped clearing trash and debris on both side of the roads. We had four cleaning events this year, and in each event about fifty members of DMA, along these Women's forum and Youth forum members participated.



REALTOR®

Real Estate One®

Thank you for your continued support and referrals



For all your real estate needs



GEORGE CHIRACKAL
586-604-7407 (Cell)
586-783-7888 x 438 (Office)
Email: gchirackal@realestateone.com
Web: www.realestateone.com/gchirackal

CONTACT

**Financial help:**

DMA has financially helped a family in Kottayam. The father of three children named Tomy who died on duty. DMA helped the children to continue their education.

**School Bag distribution**

DMA has distributed more than 200 school bag for the students of Janaseva Shishubhavan in Aluva, India this school year.






**Treatment support for Ramesh:** DMA was approached by Mr. Ramesh, aged 32, from Trichur, Kerala. Ramesh is a young man, who has a wife and a 3-year-old child. He suffered a Motorcycle accident in Kerala in April of this year. He had a cerebral bleed and the doctors had to perform multiple surgeries. He had memory loss and was still recovering until last June, when all of a sudden he started vomiting blood and was diagnosed with liver cirrhosis. He has been a teetotaler his entire life. One of the DMA executive committee members was able to vouch for this person, since he had known Mr. Ramesh and his family for a long time. Mr. Ramesh's application for support included all the original transcripts from the hospitals, doctors, and from the local government body. From a medical point of view, the prognosis is guarded.

DMA released funds from their charity fund, collected additional funds from members making a grand total of $1275. This money was handed over to Mr. Ramesh in person by one of our own Executive Committee Members – Mr. Sunil K. Sivaraman. Sunil described Mr. Ramesh’s condition as very fragile. Ramesh's family was trying to make ends meet. Ramesh was very thankful for the assistance received and is continuing on his treatment.

This is yet another example of DMA’s successes in reaching out and helping people in absolute need. Wishing DMA all the best in their endeavors.

**കവിത**



# വില

**ബെൽസി തോമസ്**

പന്ത്രണ്ടുകാരിയുടെ
കൂർത്ത നോട്ടങ്ങൾ
മരണത്തെയെന്ന പോലെ
എന്നെ നേരിടുമ്പോൾ
കണ്ണുകൾ താഴ്ത്തിയും
മുഖം കുനിച്ചും
ഞാൻ ഭീരുത്വമണിയുന്നു
വില കേൾക്കുകയാണ് ഞങ്ങൾ;
കുറഞ്ഞു കുറഞ്ഞു വരുന്ന
ഞങ്ങളുടെ വില,
പിറ്റേന്നുമവളുടെ
അടയാത്ത കണ്ണുകൾ
അകന്നുപോകുന്ന ട്രക്കിലെ
ചവറ്റുകൂനയിൽ
നിന്നുമെന്നെ നോക്കുമ്പോൾ
എന്റെ മൗനം വൃഥാവിലായെന്നു
ഞാനറിയുന്നു
രക്തമിറ്റുന്ന
അവളുടെ മുറിഞ്ഞ ചുണ്ടുകൾ
വിൽക്കപ്പെട്ടപ്പോഴും
വാങ്ങപ്പെട്ടപ്പോഴും
സ്വതന്ത്രയായിരുന്നപ്പോഴും
നാമെന്തിനു നിശബ്ദത
പാലിച്ചെന്നു ചോദ്യമുയർത്തുന്നു
അവസാനയത്താഴത്തെ
വിഷത്തുള്ളിയിൽ
ഉരുട്ടിയെടുക്കാൻ
കഴിയാതെ പോയതോർത്തെന്റെ
രക്തം കട്ട പിടിക്കുന്നു
മതം.......
രാജ്യം.......
ഭാഷ....
അവർ വെറുതെ പറയുകയാണ്;
ജീവനുള്ള
സ്ത്രീകളെ
വിലപേശാൻ,
പ്രതികരണ ശേഷിയുള്ള
പുരുഷന്മാരെ
കൂട്ടക്കൊല ചെയ്യാൻ
കുഞ്ഞുങ്ങളുടെ തലച്ചോറുണ്ണാൻ
വേണ്ടി മാത്രം






**Flooring Services ~ Sales, Installations & Repairs**

**Residential • Commercial • Industrial • Schools**

**Hardwood Floors ~ Cherry, Oak, Birch, & Teak**

**• Plank & Strip • Custom & Pre-Finished Floor Sanding • Stains & Varnishes • Sealers**

**Tile & Sheet Linoleum**

Floor Tile • Non-Wax Linoleums & Tiles

Cushioned & Sheet Vinyl

**Indoor & Outdoors Floorings**

Artifical Grass • Rubber Mats

Non-Skid Safety Walks

Wall-toWall Carpets • Rugs • Slate • Terracotta Flooring

Water Damage Corrected

**36111 Ford Road Westland, MI 48185**

**Phone: (734) 729-2929, Fax: (734) 729-2909**

**Email: avitacarpetinc@gmail.com**

**http://www.avitacarpet.com**

# VENTURES

AN EXCEPTIONAL DESIGN BUILD EXPERIENCE.

ventures-design.com
(248) 767-1666
ventures@800lawnguru.com

Ventures is a premium design build service specializing in custom landscapes. Our team of sales consultants, designers, and construction supervisors work hand in hand with each client throughout their entire project to create inovative, functional, and beautiful outdoor spaces.





# Did you know… about the
# *Blue Goo Beaches ?*



**Aditya Kutty**

Many small creatures have arrived on beaches in the west coast. They are called *Velella velella,* and look like triangular shaped glass. Yep! triangular shaped glass. *Velella velella,* or purple sails, are marine animals known by sailors as the “by the wind sailors” that live in the Pacific and Atlantic Oceans. Well, at least they used to be a marine animal, until heavy winds brought them on to shores on the coastline. The animals would usually float on the water using the triangular shaped sail, which would pull the purple sails with it. But don’t get carried away by the nice name and look of these beauties...they are perceived to be in big danger!

Let me explain. See, these are marine animals that can only live in water. The less the water, the weaker they are. And since the winds are what brought them there, the winds will take them farther away! In fact, thousands are already dying out of the nine billion population on beaches. The dead *Velella velella* look like small ruffles brand chips, except that they are transparent. Their beauty is amazing, but US law prohibits taking these marine life without authorized permission.

Now, let's to focus on our little jellies, who this report is about. *Velella,* is in the *Hydrozoa class, which* is a class in the *cnidaria phylum* of marine life. The purple sails eat plankton as their only food, and are carnivorous. To hunt, they dangle special tentacles called *nematocysts,* and curl them in. Then toxins attack their prey through the tentacles. Though the jellies *nematocysts* contain very harmful toxins, it supposedly has only minor effects on human beings. Some of the effects are itches, scratches, rashes, etc.

These little animals have become big news on shores, and are helping people learn about animals most people do not know about or are yet to discover. Our little friends, are making them seem big across the coast. They are transforming our shores into Blue Goo Beaches. So next time you are at your favorite beach having fun, look out for the Blue Goo beaches ..yes Blue Goo Beaches.. and share your interesting story.




miindia.com
bringing community together!
Serving the community since 1999
IT Jobs and Training Hub
Free Ads - Buy/Sell a Car, Computer or House
Events / Movies
Message Board
Jobs
Roommate Match
Yellow Pages
Special Deals and Discounts
Network with thousands everyday!
Grow your business with instant access to thousands!
For feedback and advertising, e-mail info@miindia.com
Rockin' Raaga
www.miindia.com
VISITOR HEALTH INSURANCE
INSTANT QUOTES
DETAILED COMPARISON
INSTANT PURCHASE
REPUTED COMPANIES
WIDELY ACCEPTED
Visit www.miindia.com or contact info@miindia.com for more details.


URON Tax & Financial Services, LLC
"Your One-Stop Station For Tax Preparation, Representation, & Investments"
3098 Bennington Dr
Wixom, MI 48393
Cell: 248-921-9941
Phone: 248-624-2511
Fax: 248-679-1553
Email: gtvann@aol.com
George T. Vannilam MS, EA, MBA
President
Fellow, National Tax Practice Institute (NTPI)
Enrolled Agent Authorized to Represent You Before IRS
www.NAEA.org www.MiSEA.org
www.UronTax.com



# സെക്രട്ടറിയുടെ റിപ്പോർട്ട്



**ആകാശ് ഏബ്രഹാം**
*ജനറൽ സെക്രട്ടറി*

**35** വർഷങ്ങൾക്കു മുമ്പ് മി. ആൻഡ്രൂസ് അച്ചമ്പിയുടെ നേതൃത്വത്തിൽ ഡിട്രോയിറ്റിലെ കുറച്ച് മലയാളികൾ ഒത്തുചേർന്ന് ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ രൂപം കൊടുക്കുമ്പോൾ, പിതാമഹന്മാരിൽ നിന്നും നമുക്ക് പകർന്നു കിട്ടിയ പൈതൃകവും സംസ്കാരവും നമ്മുടെ മക്കളെ പരിചയപ്പെടുത്തുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ഇന്ന് ഈ സംഘടന പടർന്ന് പന്തലിച്ച്, ഡിട്രോയിറ്റിലെ മലയാളികളുടെ ജീവിതത്തിലെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.

2014 ലെ സാരഥികളുടെ ഉജ്ജ്വലപ്രവർത്തനത്തിന്റെ ആവേശവും ഊർജ്ജവും ഉൾക്കൊണ്ട്, 2015 ൽ റോജൻ തോമസിന്റെ നേതൃത്വത്തിൽ ശ്രീകുമാർ കമ്പത്ത്, ആകാശ് ഏബ്രഹാം, സഞ്ജു കോയിത്തറ, ഷാജി തോമസ്, ബൈജി തോമസ്, മിനി സൈജൻ, സലീന നോബിൾ, ശബരി സുരേന്ദ്രൻ എന്നിവർ സ്ഥാനം ഏറ്റെടുത്തു.

**ധനസമാഹരണം**

ഈ വർഷത്തെ ഡി.എം.എ യുടെ ധനസമാഹരണം ഏപ്രിൽ മാസത്തിൽ നടത്തപ്പെട്ടു. സ്റ്റീഫൻ ദേവസ്സിയുടെ നേതൃത്വത്തിൽ സോൾഡ് ബാൻഡും റിമി ടോമിയും നിറഞ്ഞ സദസ്സിനെ ഗാനമുഖരിതമായ മറ്റൊരു ലോകത്തിലേക്ക് ആനയിച്ചപ്പോൾ ഡി.എം.എ യുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഷോയ്ക്ക് സാമ്പത്തികമായും അംഗബലത്തിലും, ഡിട്രോയിറ്റ് സാക്ഷ്യം വഹിച്ചു. ഈ ഷോയിലേക്ക് ഡി.എം.എ നടത്തിയ ഒരുക്കങ്ങൾ പങ്കെടുത്ത എല്ലാവരുടേയും പ്രശംസകൾ പിടിച്ചു പറ്റി. ഷോയുടെ കൊഴുപ്പ് കൂട്ടുവാൻ നമ്മുടെ സ്വന്തം നർത്തകരും റിമിയുടെയും സ്റ്റീഫന്റെയും കൂടെ ചുവടു വച്ചു.

